395
Pages 12

# ഹാലേലൂയ്യാ

1-15 APRIL, 2013 • ക്രൈസ്തവ ദ്വൈവാരിക

Published From Thiruvalla Reg. No. KL/KTM/209/2012-14 News Paper RN.No. 68759/96

Price Rs. 10/-




**ലോ**കമെങ്ങും 666 വീണ്ടും ചർച്ചാ വിഷയമായിരിക്കുന്നു. അമേരിക്കൻ സെനറ്റിൽ പ്രസിഡന്റ് ഒബാമ അവതരിപ്പിച്ച ഹെൽത്ത് കെയർ ബില്ലാണ് ഇപ്പോഴത്തെ വിവാദ വാർത്തകളുടെ അടിസ്ഥാനം.

ഒബാമയെ അന്തിക്രിസ്തുവായും മൃഗത്തിന്റെ മുദ്രയായ 666 ന്റെ നിയന്ത്രണത്തിലേക്ക് ലോകത്തെ എത്തിക്കാനുള്ള ശ്രമമാണ് ഹെൽത്ത് കെയർ ബില്ലിലൂടെ ഒബാമ തുടങ്ങിവെച്ചിരിക്കുന്നതെന്നുമാണ് പ്രചരണം. പ്രമുഖ സോഷ്യൽ മീഡിയകളിലെല്ലാം വൻ ചർച്ചയായി കഴിഞ്ഞ ഈ വാർത്ത ക്രിസ്തീയ പ്രസിദ്ധീകരണങ്ങളും പ്രസംഗകരും ഏറ്റെടുത്തതോടെ വിശ്വാസ ലോകത്ത് വലിയ ആശങ്കയും യേശുവിന്റെ വീണ്ടും വരവിനേക്കുറിച്ചുള്ള പ്രതീക്ഷയും വർധിച്ചു വരുന്നു.

ഒബാമയുടെ ബില്ലനുസരിച്ച് ഇനി മുതൽ അമേരിക്കൻ പൗരന്മാർക്ക് ഹെൽത്ത് കെയർ ലഭിക്കണമെങ്കിൽ ശരീരത്തിൽ (കയ്യിലോ നെറ്റിമേലോ) മൈക്രോ ചിപ്പ് ഘടിപ്പിക്കണം. RFID (റേഡിയോ ടെക്നോളജി ഐഡന്റിഫിക്കേഷൻ) ചിപ്പിൽ ആ വ്യക്തിയെക്കുറിച്ചുള്ള സകല വിവരങ്ങളും ഉണ്ടായിരിക്കും. ഒരു അരിമണിയേക്കാൾ അൽപ്പം മാത്രം വലിപ്പമുള്ള ഈ ചിപ്പ് ഒരു ഇഞ്ചക്ഷന്റെ ലാഘവത്തോടെ ശരീരത്തിൽ സ്ഥാപിക്കാൻ സാധിക്കും.

1940 മുതൽ തന്നെ സെക്യൂരിറ്റി മേഖലയിൽ വിവിധ നിലകളിലുള്ള ചിപ്പുകൾ ഉപയോഗിക്കുന്നുണ്ട്. നാനോ ടെക്നോളജി വൻ വികാസം പ്രാപിച്ചതോടെ ചിപ്പിന്റെ വലിപ്പം ഒരു കുഞ്ഞുമറുകിന്റെയത്ര ചെറുതായി മാറിയെന്നേയുള്ളൂ.

വാണിജ്യരംഗത്ത് വിപ്ലവാത്മക മാറ്റങ്ങൾ വരുത്തിയ ബാർകോഡിങ്ങിന്റേതുപോലെയുള്ള മാറ്റമാണ് ചിപ്പ് ശരീരത്തിൽ സ്ഥാപിക്കുന്നതിലൂടെ ഉണ്ടാകുവാൻ പോകുന്നത്. വൻ സൂപ്പർ മാർക്കറ്റുകളിൽ സാധനങ്ങൾ ബില്ലു ചെയ്യുവാൻ നീണ്ട ക്യൂ സാധാരണമാണ്. ഷോപ്പിങ്ങിന്റെ രസം കളയുന്ന ഈ ക്യൂ ഒഴിവാക്കുവാൻ RFID കൊണ്ട് സാധിക്കും. ചിപ്പ് ശരീരത്തിൽ ഉള്ളവർ ഒരു സാധനം തങ്ങളുടെ ട്രോളിയിലേക്ക് എടുത്തിടുമ്പോൾ തന്നെ അയാളുടെ ശരീരത്തിലെ ചിപ്പ് നെറ്റ്‌വർക്കിംഗ് സംവിധാനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ സാധനത്തിന്റെ തുക ബാങ്കിൽ നിന്ന് ഷോപ്പിന്റെ അക്കൗണ്ടിലേക്ക് മാറിക്കഴിയും. പ്രൊഡക്റ്റുകൾക്ക് യു.പി.സി ബാർകോഡ് (യൂണിവേഴ്സൽ പ്രൊഡക്റ്റ് കോഡ്) ഉള്ളതിനാൽ ഇത് ലളിതമായ കാര്യമായി മാറുന്നു. കസ്റ്റമർക്ക് ക്യൂ നിൽക്കാതെ നേരെ ട്രോളിയുമായി പുറത്തേക്ക് പോയാൽ മതിയാകും.

വേദപുസ്തകത്തിൽ വെളിപ്പാട് പുസ്തകത്തിൽ പറയുന്ന മൃഗത്തിന്റെ സംഖ്യയായ 666 ഉം, നെറ്റിമേലോ കൈമേലോ മുദ്രയേൽക്കാത്തവർക്ക് ക്രയവിക്രയങ്ങൾ സാധ്യമല്ലാതാകും എന്നതും ഈ ആധുനിക ചിപ്പിന്റെ കണ്ടുപിടിത്തത്തോടെ യാഥാർത്ഥ്യമാകുന്നു എന്നതാണ് ബൈബിൾ വെച്ച് ലോകഗതി വ്യാഖ്യാനിക്കുന്നവർ പറയുന്നത്.

യേശുക്രിസ്തുവിന്റെ മടങ്ങിവരവ്, അന്തിക്രിസ്തുവിന്റെ (എതിർക്രിസ്തു) വെളിപ്പെടൽ എന്നിവയുടെ കൃത്യമായ കാലം ഗണിക്കുവാൻ ശ്രമിക്കുന്നത് ശുദ്ധ വിവരക്കേടാണെന്ന് ഒരു വിഭാഗം വേദപണ്ഡിതർ പറയുന്നു. എന്നാൽ ലോകത്തിൽ നടക്കുന്ന സംഭവങ്ങൾ യേശുവിന്റെ മടങ്ങിവരവിന്റെയും ലോകാവസാനത്തിന്റെയും അടയാളമായി വ്യാഖ്യാനിക്കുന്നവരാണ് ഏറെയും.

യേശുക്രിസ്തുവിന്റെ മടങ്ങിവരവിന് ശേഷമാണോ അതിനു മുൻപാണോ അന്തിക്രിസ്തുവിന്റെ ഭരണകാലം എന്നത് തർക്ക വിഷയമാണ്. അന്തിക്രിസ്തുവിന്റെ ഭരണം ക്രിസ്തുവിന്റെ വരവിന് മുമ്പാണെന്ന് പഠിക്കുന്നവരുടെ ചിന്തകൾക്ക് ബലം പകരുന്നതാണ് പുതിയ സംഭവവികാസങ്ങൾ. RFID ചിപ്പ്, ഇന്ത്യയുടെ പുതിയ യൂണീക് ഐഡന്റിറ്റി നമ്പർ (ആധാർ) എന്നിവ ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു.

എന്നാൽ കേരളത്തിലെ ബഹുഭൂരിപക്ഷം പെന്തെക്കോസ്തു സഭകളും, സഭ മഹോപദ്രവ കാലത്തിന് മുൻപ് എടുക്കപ്പെടും എന്ന് പഠിപ്പിക്കുന്നവരാണ്. അങ്ങനെയാകുമ്പോൾ അന്തിക്രിസ്തുവിന്റെ ഭരണകാലത്ത് സഭ ലോകത്തിൽ ഉണ്ടായിരിക്കയില്ല. അതായത് ക്രിസ്തുവിന്റെ വരവിൽ പ്രത്യാശ വെച്ച് വിശുദ്ധിയോടെ ജീവിക്കുന്നവർക്ക് 666 ഒരു വിഷയമേ അല്ല. അങ്ങനെയുള്ളവർ ആധാർ കാർഡ് എടുത്താലും, RFID ചിപ്പ് ശരീരത്തിൽ പിടിപ്പിച്ചാലും ഭയക്കേണ്ട കാര്യവുമില്ല.

666 സംബന്ധിച്ച് ഹാലേലൂയ്യാ 2007-ൽ പ്രസിദ്ധീകരിച്ച ഒരു ലേഖനം ഇവിടെ പുനപ്രസിദ്ധീകരിക്കുന്നു. *(5-ാം പേജ് കാണുക)*

# ഉപവാസ പ്രാർത്ഥനക്ക് കുമ്പനാടൊരുങ്ങുന്നു

കുമ്പനാട്: ചരിത്രത്തിലാദ്യമായി ഐ.പി.സി.സഭാ നേതൃത്വത്തിന്റെ ചുമതലയിൽ 40 ദിവസ ഉപവാസ പ്രാർത്ഥന നടക്കുന്നു. ഏപ്രിൽ 16 മുതൽ മെയ് 25 വരെയുള്ള ഉപവാസ പ്രാർത്ഥനക്ക് വേണ്ടി കുമ്പനാട് ഒരുങ്ങിത്തുടങ്ങി. മൂവായിരം പേർക്ക് ഇരിക്കുവാനുള്ള പന്തൽ ഇടുന്ന ജോലികൾ ഉടനാരംഭിക്കും.

സഭയുടെ ആത്മീയ ഉണർവ്വ് ലക്ഷ്യമാക്കി നടത്തുന്ന ഈ ഉപവാസ പ്രാർത്ഥനയിൽ ഐ.പി.സി. നേതാക്കളോടൊപ്പം മറ്റ് പെന്തെക്കോസ്ത് സഭാ നേതാക്കളും ശുശ്രൂഷിക്കും. കൂടാതെ സഭാ വിഭാഗ വ്യത്യാസമില്ലാതെ പ്രമുഖ കൺവൻഷൻ പ്രസംഗകർ, കൃപാവര ശുശ്രൂഷകർ, സ്റ്റേറ്റ് കൗൺസിൽ ജനറൽ കൗൺസിൽ അംഗങ്ങൾ, സെന്റർ പാസ്റ്റർമാർ, എന്നിവരും ശുശ്രൂഷകൾ നയിക്കും.

ഐ.പി.സിയുടെ മുഖച്ഛായ തന്നെ മാറ്റുന്ന ദിവസങ്ങളായിരിക്കും ഉപവാസത്തിന്റെ 40 ദിവസങ്ങളെന്ന വലിയ പ്രതീക്ഷയിലാണ് വിശ്വാസികളും ശുശ്രൂഷകരും.

# എ.ജി മലയാളം ചേരിപ്പോര് മൂർച്ഛിക്കുന്നു



*എ.ജി. കോൺഫറൻസ് സമയത്ത് പുറത്ത് പോലീസ് കാവൽ*

പുനലൂർ: അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്റ്റിൽ ചേരിപ്പോര് രൂക്ഷമാകുന്നു. ഡിസ്ട്രിക്റ്റ് സൂപ്രണ്ട് പാസ്റ്റർ ടി.ജെ സാമുവലിനെതിരെ പുനലൂർ ടൗണിലും പരിസരങ്ങളിലും പോസ്റ്ററുകൾ പതിപ്പിച്ചതോടെയാണ് പ്രശ്നങ്ങൾ രൂക്ഷമായത്. ശുശ്രൂഷകന്മാരുടെ സ്ഥലം മാറ്റം സംബന്ധിച്ച് തീരുമാനങ്ങൾ എടുക്കാൻ ചേർന്ന പ്രസ്ബിറ്ററിയുടെ തലേ ദിവസമാണ് പോസ്റ്റർ പ്രചരിക്കുന്നത്. പോസ്റ്റർ പതിച്ചത് ആരാണെന്ന് അറിയാതെ സ്ഥലം മാറ്റം നടത്തുന്നില്ലെന്നു പറഞ്ഞ് സൂപ്രണ്ട് ഏക പക്ഷീയമായി പ്രസ്ബിറ്ററി പിരിച്ചു വിട്ടു.

പോസ്റ്റർ പതിച്ചെന്നാരോപിച്ച് ഒരു പാസ്റ്റർക്കെതിരെ സൂപ്രണ്ട് പോലീസിൽ പരാതി നൽകിയതായി കേൾക്കുന്നു. സ്ഥലമാറ്റ പ്രസ്ബിറ്ററി മാർച്ച് 20 ന് പുനലൂരിൽ നടന്നു. പ്രസിബിറ്ററിയിൽ രണ്ട് ഗ്രൂപ്പ് ഉള്ളതിനാൽ പ്രശ്നങ്ങൾ കയ്യാങ്കളിയിലേക്ക് നീങ്ങുമെന്ന് ഭയന്ന് പോലീസ് സംരക്ഷണത്തിലാണ് പ്രസ്ബിറ്ററി കൂടിയത്. പോലീസ് സംരക്ഷണത്തിൽ പ്രസ്ബിറ്ററി കൂടുന്നു എന്നറിഞ്ഞ് വിവരം അന്വേഷിക്കാൻ ചെന്ന ക്രൈസ്തവചിന്തയുടെ റിപ്പോർട്ടറായ എം.പി റ്റോണിയെ തടയുകയും പോലീസിനെക്കൊണ്ട് അവഹേളിക്കുകയും ചെയ്യുന്നിടത്തു വരെ കാര്യങ്ങൾ എത്തി.

എ.ജി മലയാളം ഡിസ്ട്രിക്റ്റിൽ പാസ്റ്റർ ടി.ജെ സാമുവലിന്റേയും പാസ്റ്റർ പി.എസ് ഫിലിപ്പിന്റേയും നേതൃത്വത്തിലുള്ള രണ്ട് പ്രബല വിഭാഗങ്ങളാണുള്ളത്. പാസ്റ്റർ പി.ഡി ജോൺസന്റെ മരണശേഷം തിരിഞ്ഞും മറിഞ്ഞും ഇവരിരുവർ മാത്രമാണ് സൂപ്രണ്ടുമാരായിട്ടുള്ളത്. എ.ജി മലയാളം ഡിസ്ട്രിക്റ്റിൽ മറ്റാരും നേതൃത്വ നിരയിൽ വരരുതെന്ന് ആഗ്രഹിക്കുന്ന ഇവർ പരസ്പരം പോരടിക്കുകയും കസേരകളിയിൽ വിജയികളാകുകയും അധികാരം പങ്കിട്ട് മുന്നോട്ടു പോവുകയുമായിരുന്നു.

സാധാരണ നിലയിൽ ഒരാൾ സൂപ്രണ്ടായാൽ രണ്ടു വർഷം വീതമുള്ള രണ്ടോ മൂന്നോ ടേം തുടർച്ചയായി തിരഞ്ഞെടുക്കപ്പെടുന്ന രീതിയാണ് പൊതുവിലുള്ളത്. എന്നാൽ ഈ വർഷം നടന്ന തിരഞ്ഞെടുപ്പിൽ വീണ്ടും പി.എസ് ഫിലിപ്പ് സൂപ്രണ്ടാകുമെന്നാണ് കരുതിയിരുന്നത്. എന്നാൽ ടി.ജെ ഗ്രൂപ്പ് തന്ത്രപൂർവ്വം കരുക്കൾ നീക്കി പി.എസ് ഫിലിപ്പിനെ പരാജയപ്പെടുത്തി. ഇതോടെ പി.എസ് ഫിലിപ്പ് ഗ്രൂപ്പ് പ്രകോപിതരാകുകയായിരുന്നു.

എരിതീയിൽ എണ്ണയൊഴിക്കുന്നതുപോലെ മറ്റു ചില സംഭവങ്ങളും ഇതോടനുബന്ധിച്ചുണ്ടായി. പി.എസ് ഫിലിപ്പിന് സൗത്ത് ഇന്ത്യാ എ.ജിയി

*(ശേഷം പേജ് 2 ൽ)*

# പെന്തെക്കോസ്തു മിഷൻ അന്തർദേശീയ കൺവൻഷൻ സമാപിച്ചു



ചെന്നൈ: ദി പെന്തെക്കോസ്ത് മിഷൻ അന്തർദേശീയ കൺവൻഷനും അഖിലേന്ത്യാ ശുശ്രൂഷക സമ്മേളനവും മാർച്ച് 10ന് സമാപിച്ചു. മാർച്ച് 6ന് താമ്പരത്തിനടുത്ത് ഇരുമ്പല്ലിയൂർ മിഷൻ കൺവൻഷൻ സെന്ററിൽ ചീഫ് പാസ്റ്റർ വിൽസൺ ജോസഫ് പ്രാർത്ഥിച്ച് ആരംഭിച്ച കൺവൻഷനിൽ ഡെപ്യൂട്ടി ചീഫ് പാസ്റ്റർ വെസ്ലി പീറ്റർ, അസോസിയേറ്റഡ് ഡപ്യൂട്ടി ചീഫ് പാസ്റ്റർ എൻ.സ്റ്റീഫൻ, പാസ്റ്റർമാരായ ഏബ്രഹാം മാത്യു, ഗ്രിഗ് വിൽസൻ, ജീയം, ആർ.കനകരാജ് എന്നിവർ പ്രസംഗിച്ചു. 61 പേർ ബ്രദറന്മാരായും 131 പേർ സിസ്റ്റർമാരായും ശുശ്രൂഷയിൽ പ്രവേശിച്ചു. 483 പേർ സ്നാനമേറ്റു. പുതുക്കിയ ഹാളിന്റെ പ്രതിഷ്ഠ ചീഫ് പാസ്റ്റർ നിർവ്വഹിച്ചു.

**സ്ഥലം മാറുന്ന ശുശ്രൂഷകർ വിലാസം അറിയിക്കുക**

ശുശ്രൂഷകന്മാരുടെ സ്ഥലം മാറ്റ സമയമാണല്ലോ. സ്ഥലംമാറ്റമുള്ള വരിക്കാർ പുതിയ വിലാസം ഉടൻ തന്നെ ഓഫീസിൽ അറിയിക്കുക

**ഫോൺ: 0469-3290355 (ഓഫീസ്)**

**എസ്.എം.എസ്.ചെയ്യേണ്ട നമ്പർ: 9349500155**

**email: hallelujahnews@gmail.com**

# ചത്താൽ പിന്നെ ചിറകിട്ടടിക്കില്ല സാറേ..

## ഉപമയും ഉൾക്കാഴ്ചയും

**കെ. എസ്. ഏബ്രഹാം – കടുത്തുരുത്തി**



വടക്കേ അമേരിക്കയിൽ ശരത്കാലം തുടങ്ങിയാൽ കാട്ടുതാറാവുകളെ വേട്ടയാടുന്നത് അവിടുത്തുകാരുടെ ഹരമാണ്. ഇരുപത്തെട്ടു തരം കാട്ടുതാറാവുകൾ അമേരിക്കയിലുണ്ട്. ആയിരത്തി തൊള്ളായിരം മുതൽ സംരക്ഷിത പക്ഷികളുടെ ഗണത്തിൽ ഇവയെ ഉൾപ്പെടുത്തിയിരിക്കുന്നു. എങ്കിലും, ഒക്ടോബർ മാസം മുതൽ ഏപ്രിൽവരെ നീണ്ടുനിൽക്കുന്ന ഹണ്ടിംഗ് സീസണിൽ കാട്ടുതാറാവുകളെ വെടിവെച്ചുപിടിക്കുവാൻ ഗവൺമെന്റ് അനുവദിക്കാറുണ്ട്. പക്ഷേ, കാശുമുടക്കാതെ ഇഷ്ടംപോലെ ആർക്കും താറാവിനെ തട്ടാമെന്ന് ഇതിന് അർത്ഥമില്ല! ആയിരത്തി തൊള്ളായിരത്തി മുപ്പത്തിനാലുമുതൽ നിലവിൽ വന്ന ഡക്ക്-സ്റ്റാമ്പ് പദ്ധതിപ്രകാരം കാട്ടുതാറാവുകളെ വേട്ടയാടുവാൻ ലൈസൻസിനു പുറമേ ഓരോ താറാവിനും രണ്ടു ഡോളറിന്റെ സ്റ്റാമ്പു വാങ്ങേണ്ടതുണ്ട്. ഇപ്പോൾ, സ്റ്റാമ്പുവില പതിനഞ്ചു ഡോളറായി വർദ്ധിച്ചിട്ടുമുണ്ട്. എങ്കിലും, താറാവുവേട്ട അല്പ്പംപോലും കുറഞ്ഞിട്ടില്ല, കൂടിയിട്ടേയുള്ളു. പതിനെണ്ണായിരം ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ദേശീയ വന്യജീവി സങ്കേതം ആരംഭിച്ചത് ഡക്ക്-സ്റ്റാമ്പ് പദ്ധതിയിലൂടെ ലഭിച്ച പണം കൊണ്ടാണെന്നത് താറാവുവേട്ടയുടെ വ്യാപ്തി വിളിച്ചോതുന്നു.

കുറേക്കാലം മുമ്പ് ധനികനായ ഒരു നിരീശ്വരവാദി താറാവുവേട്ടയ്ക്കായി പുറപ്പെട്ടു. തന്റെ അയൽക്കാരനും ദൈവ ഭക്തനുമായ സാം എന്ന ചെറുപ്പക്കാരനെയാണ് അയാൾ സഹായിയായി കൂടെ കൂട്ടിയത്. ഒരു കുതിരവണ്ടിയിലായിരുന്നു അവരുടെ യാത്ര. വഴിമധ്യേ, വണ്ടിയുടെ ഒരു ചക്രത്തിനു ഇളക്കം ഉണ്ടായതിനാൽ അവർ വണ്ടി വഴിയരികിൽ നിറുത്തി. സാം ഒരു ചുറ്റികയുപയോഗിച്ച് ആ ചക്രം ഉറപ്പിക്കവേ, അബദ്ധത്തിൽ, ആ ചുറ്റിക സാമിന്റെ ഇടതുകയ്യുടെ പെരുവിരലിൽ ശക്തമായ ഒരു പ്രഹരം ഏല്പിച്ചു. അപ്രതീക്ഷിതമായുണ്ടായ അസഹനീയമായ വേദനനിമിത്തം സാം ആരോടെന്നില്ലാതെ കുറേ ചീത്തവാക്കുകൾ ഉച്ചരിച്ചു!

പരിസരബോധം വീണ്ടെടുത്ത സാം ഉടൻതന്നെ തറയിൽ മുട്ടുമടക്കി. തന്റെ വായിൽനിന്നും വീണുപോയ ആകാത്ത വാക്കുകൾക്ക് ദൈവത്തോടു ക്ഷമ യാചിച്ചു. തന്റെ പ്രവൃത്തി നിരീശ്വരവാദി ശ്രദ്ധിച്ചതുമനസ്സിലാക്കിയ സാം ആത്മഗതമെന്ന വണ്ണം പറഞ്ഞു: കർത്താവേ, ഒരു ക്രിസ്ത്യാനിയായി ജീവിക്കുവാൻ അല്പ്പം ബുദ്ധിമുട്ടാണേ!

നിരീശ്വരവാദി ഉടനെ സാമിനോടു ചോദിച്ചു: സാം, നീ ഒരു ക്രിസ്ത്യാനിയാണെന്ന് എനിക്കു നന്നായറിയാം. ഞാൻ ഒരു നിരീശ്വരവാദിയാണെന്നു നിനക്കും! ഞാനായിരുന്നു നിന്റെ സ്ഥാനത്തെങ്കിൽ ഇത്രയും വേദനപ്പെട്ടപ്പോൾ നീ പറഞ്ഞതിലും കട്ടിയുള്ള ചീത്തവാക്കുകൾ പറഞ്ഞിട്ട്, ആ ചുറ്റികപോലും ഞാൻ അടിച്ചൊടിച്ചേനേം. അങ്ങനെയാല്ലാമായാലും അതിൽ ഒരു കുറ്റബോധവും എനിക്കു തോന്നുകയുമില്ലായിരുന്നു. എന്റെ സംശയം മറ്റൊന്നുമല്ല, സാഹചര്യം നിമിത്തം നീ ചെയ്ത ഒരു ചെറിയ തെറ്റിനു നീ എന്തിനാണ് ഇത്രയും പിടയ്ക്കുന്നത്?

സാമിന് അയാളോട് എന്തു മറുപടിയാണു പറയേണ്ടതെന്ന് പെട്ടെന്നു പിടികിട്ടിയില്ല. തന്റെ ക്രിസ്തീയ സാക്ഷ്യം നിരീശ്വരന്റെ മുമ്പിൽ ഉടഞ്ഞതിൽ മനം നൊന്ത സാം ഒരു നിമിഷം കണ്ണുകൾ പൂട്ടി നിന്നു. പെട്ടെന്നു വെടിപൊട്ടി! ഞെട്ടിത്തരിച്ച സാം കണ്ണുതുറന്നപ്പോൾ കണ്ടത്, കാൽക്കൽ ചത്തുകിടക്കുന്ന ഒരു താറാവിനെയാണ്. അപ്പോഴേക്കും നിരീശ്വരൻ അലറി: സാം, ഒന്നുകൂടെയുണ്ട്, നീ ആ ചത്ത താറാവിനെ ശ്രദ്ധിച്ചുകൊണ്ടു സമയംകളയാതെ പരിക്കേറ്റ താറാവിനെ അതു രക്ഷപെടും മുമ്പ് പിടിക്കാൻ നോക്ക്.

ചിറകടിച്ചു രക്ഷപെടാൻ നോക്കിയ താറാവിനെ പിടിച്ചുകൊണ്ടു വന്ന സാം പറഞ്ഞു: ബോസ്, താങ്കൾക്കു തരാൻ താറാവുമാത്രമല്ല, താങ്കളുടെ ചോദ്യത്തിനുള്ള ഉത്തരംകൂടെയാണ് എന്റെ കൈകളിലിരിക്കുന്നത്. താങ്കൾ ചോദിച്ചില്ലേ, ക്രിസ്ത്യാനിയായ ഞാൻ കുറ്റബോധം നിമിത്തം എന്തിനാണ് പിടയ്ക്കുന്നതെന്ന്. ഇതാ, പിടയ്ക്കുന്ന ഈ താറാവ് വല്ലവിധേനയും രക്ഷപെടുവാൻ ശ്രമിക്കുകയാണ്. ഇത്, ഇപ്പോൾ എന്റെ പ്രതിനിധിയാണ്. പിശാചിന്റെ കൈയ്യിൽ നിന്നും രക്ഷപെടാനാണ് തെറ്റുചെയ്ത ഞാൻ പിടച്ചത്. പക്ഷേ, ചത്തുകിടക്കുന്ന ആ താറാവ് താങ്കളുടെ പ്രതിനിധിയാണ്, ചത്താൽ പിന്നെ ചിറകിട്ടടിക്കില്ല സാറേ.. ജീവനുള്ളതേ രക്ഷപെടാൻ ശ്രമിക്കൂ..

ന്യായപ്രമാണം അനുസരിച്ചു ജീവിക്കുവാൻ ശ്രമിച്ച് നിരന്തരം പരാജയപ്പെട്ടുകൊണ്ടിരുന്ന പൗലോസ് തന്റെ പൂർവ്വകാലത്തെപ്പറ്റി പറഞ്ഞിട്ടുള്ള സാക്ഷ്യം ഇവിടെ പ്രസക്തമാണ്: നന്മ ചെയ്യുവാനുള്ള താല്പര്യം എനിക്കുണ്ട്; പ്രവർത്തിക്കുന്നതോ ഇല്ല. ഞാൻ ചെയ്യുവാൻ ഇച്ഛിക്കുന്ന നന്മ ചെയ്യുന്നില്ലല്ലോ; ഇച്ഛിക്കാത്ത തിന്മയത്രേ പ്രവർത്തിക്കുന്നത്. അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ! ഈ മരണത്തിന് അധീനമായ ശരീരത്തിൽനിന്ന് എന്നെ ആര് വിടുവിക്കും? ഇതു പറയുമ്പോൾ, പൗലോസ് പാപത്തിൽ നിന്നുമുള്ള സ്വാതന്ത്ര്യം പ്രാപിച്ചവനാകയാൽ വിടുവിക്കുന്നവൻ ആരെന്ന ചോദ്യത്തിന് ഉത്തരവും തന്റെ നാവിൽനിന്നും ഉടൻതന്നെ ഉണ്ടായി: നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം ഞാൻ ദൈവത്തിനു സ്തോത്രം ചെയ്യുന്നു. (റോമർ 7:14–25)

അതേ, ദൈവമക്കൾക്ക് തെറ്റുപറ്റാം. നമ്മിലാരും ഇതുവരെ പൂർണ്ണരായിട്ടില്ലല്ലോ? പക്ഷേ, തെറ്റുപറ്റുന്നവന് അതിനു പരിഹാരം പ്രാപിക്കുന്നതുവരെ ഹൃദയം പിടയ്ക്കുന്നില്ലെങ്കിൽ സംശയംവേണ്ട... ജീവനുള്ളവനെന്ന പേരുമാത്രമുള്ളവനാണവൻ. . ചത്താൽ പിന്നെ ഹൃദയം പിടയ്ക്കുന്നതെങ്ങനെ?

## ഹാലേലൂയ്യ ദ്വൈവാരിക വരിസംഖ്യാ നിരക്കുകൾ

| | | |
|---|---|---|
| ഇന്ത്യയിൽ | 1 വർഷത്തേക്ക് | 150 രൂപ |
| ഇന്ത്യയിൽ | ആയുഷ്കാലം | 3000 രൂപ |
| **വിദേശത്തേക്ക്** | | |
| യു.എസ്.എ. | 1 വർഷം | 50 ഡോളർ |
| ഗൾഫ് | 1 വർഷം | 2000 രൂപ |
| യു.കെ. | 1 വർഷം | 40 പൗണ്ട് |

The Editor, HALLELUJAH, Post Box No. 1
Tiruvalla - 689 101. Ph: 0469-3290355, 0469-2630571
Email: hallelujahnews@gmail.com

## ഹാലേലുയ്യാ പരസ്യനിരക്കുകൾ

| Size | Multicolor | Black & White |
|---|---|---|
| 2 Page | 30,000/- | 20,000/- |
| 1 Page | 20,000/- | 12,000/- |
| ½ Page | 10,000/- | 6,000/- |
| ¼ Page | 5,000/- | 3,000/- |
| 10cm x 3 column | 3,000/- | 2,000/- |
| 10cm x 2 column | 2,000/- | 1,200/- |
| 5cm x 2column | 1,000/- | 750/- |
| Minimum 5cm x1column | -- | 500/- |

Matrimonial Rs. 500. For 3 Issues: Rs.1000

## എച്ച്.എം.ഐ. ഗാസിയാബാദ് സമ്മേളനം

ഗാസിയാബാദ് (യു.പി): എച്ച്.എം.ഐ.ഗാസിയാബാദ് ഏരിയാ സമ്മേളനം മാർച്ച് 19-ന് ഷാലിമാർ ഗാർഡനിൽ പാസ്റ്റർ രാജു ജോർജ്ജിന്റെ ഭവനത്തിൽ നടന്നു. പാസ്റ്റർ സാം സി.ജെ.അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ വി.ജെ.തോമസ് പ്രവർത്തന വിശദീകരണം നൽകി. ജോൺ പി.തോമസ് പ്രവർത്തനങ്ങൾ വിശദീകരിച്ചു. പാസ്റ്റർ ഡോ.ബേബി പോൾ, പാസ്റ്റർ രാജു ജോർജ്ജ് എന്നിവർ നേതൃത്വം നൽകി.

# എ.ജി മലയാളം ചേരിപ്പോര് മൂർച്ഛരിക്കുന്നു

1-ാം പേജ് തുടർച്ച

ൽ അസി.സൂപ്രണ്ട് സ്ഥാനം ഉണ്ടായിരുന്നു. അവിടെ സൂപ്രണ്ടായിരുന്ന റവ.പി.എസ് രാജാമണി അനാരോഗ്യം മൂലം പദവി വിട്ടു. സ്വാഭാവികമായും അസിസ്റ്റന്റായ പി.എസ് ഫിലിപ്പിന് സൂപ്രണ്ട് പദവി ലഭിക്കാവുന്ന സാഹചര്യം ഉരുത്തിരിഞ്ഞു. എന്നാൽ ആ പദവി മലബാർ ഡിസ്ട്രിക്റ്റ് സൂപ്രണ്ടായ റവ.വി.ടി ഏബ്രഹാമിനാണ് ലഭിച്ചത്. ഇതിനിടെ അറുപത് വയസിൽ ബഥേൽ ബൈബിൾ കോളജ് പ്രിൻസിപ്പാൾ സ്ഥാനം കൂടെ വിടേണ്ടിവന്നതോടെ ഫലത്തിൽ പാസ്റ്റർ പി.എസ് ഫിലിപ്പ് എ.ജിയിൽ ഒരു കസേരയുമില്ലാത്ത ആളായി മാറി. അതോടെ പി.എസ്സിന്റെ അണികൾ പ്രകോപിതരാവുകയായിരുന്നു. പി.എസ് ഗ്രൂപ്പിന്റെ നേതൃത്വത്തിലേക്ക് വന്ന ഡോ.ഐസക് വി മാത്യു സാഹചര്യം ശരിക്കും പ്രയോജനപ്പെടുത്തുകയും ടി.ജെക്കെതിരെ പടനയിക്കാൻ മുന്നിട്ടിറങ്ങുകയും ചെയ്തു.

ക്ഷിപ്രകോപിയും നേതൃത്വ ഗുണം തീരെ ഇല്ലാത്ത ആളുമായ റവ. ടി.ജെ സാമുവൽ സംയമനത്തോടെ കാര്യങ്ങൾ നേരിടേണ്ടതിനു പകരം പ്രശ്നങ്ങൾ കൂടുതൽ വഷളാക്കി.

പുനലൂരിൽ വാർഷിക കോൺഫ്രൻസിൽ രംഗം വഷളാക്കിയ പ്രധാന വിഷയം എ.ജിയുടെ പുതിയ ഭരണഘടനാ പരിഷ്ക്കാരമാണ്. ആൾ ഇന്ത്യാ അസംബ്ലീസ് ഓഫ് ഗോഡ് ചെന്നെയിൽ രജിസ്റ്റർ ചെയ്തതും, ജനാധിപത്യ അവകാശങ്ങൾ നിഷേധിക്കുന്ന തിരഞ്ഞെടുപ്പ് പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുന്നതും, ടി.ജെ സാമുവൽ, ഡി മോഹൻ കൂട്ടുകെട്ടിന്റെ തന്ത്രമാണെന്ന് വ്യാപക പ്രചരണം ലഭിച്ചു. ഈ വിഷയങ്ങൾ കോൺഫ്രൻസിൽ ടി.ജെ വിരുദ്ധ വികാരം ആളിക്കത്തിക്കുവാൻ മറുഭാഗം വിദഗ്ദമായി ഉപയോഗിച്ചു.

ശുശ്രൂഷകന്മാർ വ്യക്തമായ രണ്ടു ഗ്രൂപ്പായി മാറിക്കഴിഞ്ഞു. തിരുവനന്തപുരം മേഖലയിൽ പാസ്റ്റർമാരായ യാഹ്ദത്ത് മണിയും, ക്രിസ്തുദാസും ടി.ജെ ഗ്രൂപ്പിന് നേതൃത്വം നൽകുമ്പോൾ. ക്രിസ്തു ദാനവും വിൽഫ്രഡ് രാജും പി.എസ്സ് ഫിലിപ്പിനെ പിന്തുണയ്ക്കുന്നു. മധ്യ കേരളത്തിൽ ടി.ജെ ഗ്രൂപ്പിൽ എ.ബനാൻസോസും എ.ഷാജിയും നേതൃത്വം നൽകുന്നു. ടി.വി പൗലോസും കെന്നഡി പോളുമാണ് മറുഭാഗത്ത്. ഉത്തര കേരളത്തിൽ ജോസ് തോമസ് കട്ടപ്പന ടി.ജെ ഗ്രൂപ്പിനും, എം.എ ഫിലിപ്പ് എറണാകുളം പി.എസ് ഗ്രൂപ്പിനും നേതൃത്വം നൽകുന്നു.

പാസ്റ്റർ ടി.ജെ സാമുവൽ കുടംകുളം ആണവ വിരുദ്ധ സമരക്കാർക്ക് എ.ജിയുടെ പണം വകമാറ്റി നൽകിയെന്നും അനധികൃത വിദേശയാത്ര നടത്തുന്ന ടി.ജെയുടെ പാസ്പോർട്ട് കണ്ടുകെട്ടണമെന്നുമൊക്കെയാണ് പുനലൂരിൽ പതിച്ച പോസ്റ്ററുകളിൽ ഉണ്ടായിരുന്നത്.

ഏതായാലും എ.ജിയിലെ ചേരിപ്പോര് എല്ലാ അതിരും ലംഘിച്ച് വഷളാകുകയാണ്.

## പ്രസ് അസോസിയേഷൻ പ്രതിഷേധിക്കുന്നു

പുനലൂർ അസംബ്ലീസ് ഓഫ് ഗോഡ് സഭാ മലയാളം ഡിസ്ട്രിക്റ്റ് ആസ്ഥാനത്ത് നടന്ന പ്രസ്ബിറ്ററി മീറ്റിംഗ് റിപ്പോർട്ട് ചെയ്യുവാൻ ചെന്ന ക്രൈസ്തവചിന്ത മാസികയുടെ റിപ്പോർട്ടർ എം.പി ടോണിയെ കയ്യേറ്റം ചെയ്യാൻ ശ്രമിക്കുകയും, കൃത്യനിർവ്വഹണം തടസ്സപ്പെടുത്തുകയും പോലീസിനെ ഉപയോഗിച്ച് അവഹേളിക്കുകയും ചെയ്ത അസംബ്ലീസ് ഓഫ് ഗോഡിലെ ചില പ്രസ്ബിറ്റർമാരുടെ നടപടിയെ പെന്തെക്കോസ്ത് പ്രസ് അസോസിയേഷൻ അപലപിക്കുന്നു.

പ്രസ് അസോസിയേഷന് വേണ്ടി
**സാംകുട്ടി ചാക്കോ നിലമ്പൂർ**
ജനറൽ സെക്രട്ടറി

## ന്യൂ ഇന്ത്യാ ഗുജറാത്ത് റീജിയണൽ കൺവൻഷൻ

വാപി, ഗുജറാത്ത്: ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡിന്റെ ഗുജറാത്ത് റീജിയണൽ കൺവൻഷൻ താപി ജില്ലയിലെ ഗവാൺ ന്യൂ ഇന്ത്യാ ദൈവസഭാ ഗ്രൗണ്ടിൽ ഫെബ്രുവരി 28 മുതൽ മാർച്ച് 3വരെ നടന്നു. പാസ്റ്റർ റ്റി.റ്റി. ഏബ്രഹാം പ്രാർത്ഥിച്ചാരംഭിച്ച മീറ്റിംഗിൽ പാസ്റ്റർമാരായ ആർ.ഏബ്രഹാം, പാസ്റ്റർ ലെഷകെമാകേ (പോളണ്ട്) എന്നിവർ പ്രസംഗിച്ചു. ബഥേസ്ദാ ബൈബിൾ കോളജിൽ ഗ്രാജുവേറ്റ് ചെയ്ത വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് വിതരണം നടത്തി.

## ചിൽഡ്രൻസ് ഫെസ്റ്റ്

കൊച്ചിൻ പെന്തെക്കോസ്ത് ഫെലോഷിപ്പും ജീസസ് കോൾസും ചേർന്നൊരുക്കുന്ന വി.ബി.എസ് ചിൽഡ്രൻസ് ഫെസ്റ്റ് ഏപ്രിൽ 1-6 വരെ പാലാരിവട്ടം സൗത്ത് ജനതാ റോഡിലുള്ള ജീസസ് കോൾസിന്റെ ബിൽഡിംഗിൽ നടക്കും. പാസ്റ്റർ ലാൽ, പാസ്റ്റർ എം.ഡാനി എന്നിവർ കൺവീനേഴ്സായി പ്രവർത്തിക്കുന്നു.

## ഐ.പി.സി പ്രയർ ടവർ ചങ്ങനാശ്ശേരി

(പോലീസ് ക്വാർട്ടേഴ്സിന് പിൻവശം)

പ്രെയ്സ് & വർഷിപ്പ്, ആഴത്തിലുള്ള വചനധ്യാനം, പ്രാർത്ഥന, വിടുതൽ

ഉപവാസ പ്രാർത്ഥന: എല്ലാ വെള്ളിയാഴ്ചയും 10.30 മുതൽ 1മണി വരെ

എല്ലാ ഞായറാഴ്ചയും ആരാധന: 9.30-12.30 വരെ



**പാസ്റ്റർ റോയി പൂവക്കാല**
ഐ.പി.സി പ്രയർ ടവർ, ചങ്ങനാശ്ശേരി
Ph: 9447401039 0469-2692939

AMEN ONLINE THEOLOGICAL SEMINARY

ഇൻഡ്യയിലെ ആദ്യത്തെ ഓൺലൈൻ സെമിനാരി

C.Th, G.Th, B.Th, M.Div, M.Th എന്നീ കോഴ്സുകൾ ലഭ്യമാണ്

മലയാളത്തിലും ഇംഗ്ലീഷിലും പഠിക്കുവാൻ അവസരം

Accredited by: IACEA, USA & Faith Theological Seminary, Manakkala

Visit us: www.amenseminary.com

Phone: +914734-224616, Mob: 8086680468

AMEN NEWS

ഇംഗ്ലീഷിലും, മലയാളത്തിലും നിങ്ങളിൽ എത്തുന്ന ക്രൈസ്തവലോകത്തെ ഏക ഓൺലൈൻ പത്രം

Visit us: www.amennewsreport.com

## PRAYER CELL

പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാവിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

Prayercell, Ponkunnam P.O., Kerala, Pin 686 506
Ph : 04828-223287
E-mail : prayercell@rediffmail.com

**യാത്രക്കിടയിൽ**

സാംകുട്ടി ചാക്കോ
നിലമ്പൂർ

# ചർച്ച് ഓഫ് ഗോഡിന്റെ ആസ്ഥാനം എ.ജിയുടെ സ്വന്തം സ്ഥലത്ത് ?



കുക്ക്സായിപ്പിന്റെ ആത്മകഥയിൽ അത്യാവശ്യമായും ഉൾപ്പെടുത്തിയിരിക്കേണ്ടുന്ന നിരവധി കാര്യങ്ങൾ പറയാതെ വിട്ടതിനെക്കുറിച്ചാണ് ഞാൻ എഴുതിത്തുടങ്ങിയത്. കഴിഞ്ഞലക്കത്തിൽ മുളക്കുഴ കുന്നിന് എന്തോ ശാപമുണ്ടെന്ന് ഞാനെഴുതിയിരുന്നല്ലോ. അതു വായിച്ച പലരും എന്നെ വിളിച്ച് അത് സത്യമാണെന്ന് പറഞ്ഞു. കേട്ടപ്പോൾ എനിക്കല്പം കൗതുകവും തമാശയും തോന്നി. കുക്കുസായിപ്പിന്റെ ആത്മകഥ വീണ്ടുമെടുത്ത് സ്ഥലം വാങ്ങിയ കഥ ഒന്നുകൂടെ വായിച്ചു. അതിലെഴുതിയിരിക്കുന്ന ഭാഗം ഞാനിവിടെ ഉദ്ധരിക്കട്ടെ.

"പല വർഷങ്ങൾക്ക് മുമ്പെ ഈ സ്ഥലം ഹൈന്ദവ ആരാധനക്കായി ഉപയോഗിച്ചിരുന്നു. അതിലൊരു പ്രതിഷ്ഠയും ഉണ്ടായിരുന്നു. പരിസരങ്ങൾ പാമ്പിനെക്കൊണ്ട് നിറഞ്ഞതും പൈശാചിക ശക്തിയുടെ സാമീപ്യം ആഴത്തിൽ അനുഭവപ്പെടുന്ന ഇടവുമായിരുന്നു...." പേജ് 184

സീയോൻകുന്നിനും അവിടെ താമസിക്കുന്നവർക്കും ഉണ്ടാകുന്ന ശാപത്തിന്റെയും പൈശാചിക പോരാട്ടത്തിന്റെയും അടിസ്ഥാനം ഇതുതന്നെയാണെന്ന് പ്രമുഖനായൊരു നേതാവും രഹസ്യമായി പറഞ്ഞു. ഏതായാലും ഭൂതം, പിശാച്, പള്ളിക്കെട്ട്, അറബിക്കെട്ട്, അമ്പലക്കെട്ട്, കുട്ടിച്ചാത്തൻ, മായാവി, പ്രേതം, ബ്ലാക്മാൻ, തുടങ്ങിയ എല്ലാവിധ ദുഷ്ടാത്മാക്കളെയും അഴിക്കുന്ന നിരവധി പ്രവാചകന്മാരുണ്ടായിരുന്ന ചർച്ച് ഓഫ് ഗോഡിൽ ഇതുവരെ സീയോൻകുന്നിന്റെ ശാപം പൊട്ടിക്കാൻ പറ്റിയവരാരും ഉണ്ടായില്ലെന്നത് വലിയ കഷ്ടമായിപ്പോയി.

ഓവർസിയർ കസേരയിൽ ഇരുന്നവർക്കെതിരെ പോരാടുന്ന ദുഷ്ടശക്തിക്കെതിരെ കുറഞ്ഞപക്ഷം കുമ്പനാട് ഐ.പി.സി.പ്രസിഡന്റ് പ്രഖ്യാപിച്ചതു പോലെ ഒരു നാല്പത് പ്രഖ്യാപിക്കുവാൻ പി.ജെ.ജയിംസ് സാർ എത്രയും വേഗം തയ്യാറാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഓവർസിയർ ജെയിംസ്സാർ വളരെ മാന്യനും അധികാരത്തിന്റെ തലക്കനമില്ലാത്ത ആളുമാണ്. ഇനി 'റവ' ഉപയോഗിക്കില്ല തുടങ്ങിയ അതിവിശുദ്ധിയുടെ പ്രഖ്യാപനങ്ങൾ അനാവശ്യമായിപ്പോയെന്ന് തുറന്നു പറയട്ടെ. ഓവർസിയർ എന്ന പദവി ഉപേക്ഷിച്ച് അന്തർദേശീയ തലത്തിൽ 'ബിഷപ്പ്' പദവി ഏറ്റെടുത്ത പ്രസ്ഥാനത്തിന്റെ ഭാഗമാണ് കേരളാ സ്റ്റേറ്റ് ചർച്ച് ഓഫ് ഗോഡ്. ആ നടപടിയെ അംഗീകരിക്കുവാൻ ബാധ്യതയുള്ള ആളാണ് കേരളാ ഓവസിയർ. ചർച്ച് ഓഫ് ഗോഡിന്റെ അന്തർദേശീയ വേദിയിൽ തങ്ങളുടെ എതിരഭിപ്രായം പ്രകടിപ്പിക്കുവാൻ പോലും ത്രാണിയില്ലാത്തവർ കേരളത്തിലെ പാവം ജനങ്ങളുടെ മുന്നിൽ 'റവ' യില്ലെന്ന് പറഞ്ഞ് വിശുദ്ധൻ ചമയുന്നത് എ.ജി.യിലെ റവ.ടി.ജെ. സാമുവേൽ കുറേക്കാലം 'മുണ്ടുടുത്ത്' വിശുദ്ധൻ കളിച്ചതു പോലയാണ്. വിവരവും വിദ്യാഭ്യാസവുമുള്ള പുതുതലമുറയിലെ നേതാക്കൾ ഇത്തരം കുഞ്ഞുകുഞ്ഞു കാര്യങ്ങളെക്കുറിച്ച് ചിന്തിച്ചും, നടപ്പാക്കിയും തീരെ ചെറുതായി പോകുന്നുവെന്ന് പറയാതെ വയ്യ. ഇവരൊക്കെ ഇരിക്കുന്ന കസേരയുടെ വലിപ്പം അവർക്കറിയില്ലെന്നതാണ് ഇതൊക്കെ തെളിയിക്കുന്നത്.

നമ്മൾ മുളക്കുഴയിലെ സീയോൻകുന്നിന്റെ ശാപത്തേക്കുറിച്ചാണല്ലോ പറഞ്ഞു വന്നത്. സീയോൻകുന്നിന്റെ ശാപം അത് ഹൈന്ദവ ആരാധനാ കേന്ദ്രമായിരുന്നതൊന്നുമല്ല. അങ്ങനെ നോക്കിയാൽ ഈ രാജ്യത്ത് ആർക്കെങ്കിലും താമസിക്കാനാവുമോ? തിരുവനന്തപുരം അനന്തപത്മനാഭന്റെ സ്വന്തമാണ്. തിരുവല്ല ശ്രീവല്ലഭന്റേതാണ്. തൃശൂർ വടക്കുംനാഥന്റേതാണ്. ..... അപ്പോൾപ്പിന്നെ ശാപത്തിന്റെ കാരണമെന്ത്? അതിലൊന്നാണ് കഴിഞ്ഞയാഴ്ച ഞാൻ പറഞ്ഞ കുക്കുസായിപ്പിന്റെ വിലാപവും കണ്ണീരും. അദ്ദേഹം ദുഃഖത്തോടെ ഇറങ്ങിപ്പോകേണ്ടി വന്നതിന് പരിഹാരക്രിയ നടത്തിയാൽ ആ ശാപം മാറിക്കിട്ടുമായിരിക്കും.

അടുത്ത ശാപവും കുക്കുസായിപ്പ് വരുത്തി വച്ചതാണ്. 1927-ൽ ഈ സീയോൻകുന്ന് വാങ്ങുന്നതിനുള്ള പണം അസംബ്ലീസ് ഓഫ് ഗോഡിന്റെ സംഭാവനയാണെന്നാണ് എന്റെ വിശ്വാസം. കാരണം അന്ന് കുക്ക്സായിപ്പ് അസംബ്ലീസ് ഓഫ് ഗോഡിന്റെ ഭാഗമായിരുന്നു. എ.ജിയിൽ നിന്ന് അദ്ദേഹത്തിന് സാമ്പത്തിക സഹായം ലഭിച്ചിരുന്നു. അതിന് പല തെളിവുകളുണ്ട്. ലോകമഹായുദ്ധകാലത്ത് മിഷനറിമാർക്ക് അമേരിക്കയിൽ നിന്നുള്ള സാമ്പത്തിക സഹായങ്ങൾ കുറഞ്ഞിരുന്നു. ഒരു സംഘടനയുടെയും പിൻബലമില്ലാതിരുന്ന കുക്കിനെയും ഈ ഞെരുക്കം ബാധിച്ചു. എന്നാൽ 1914-ൽ രൂപം കൊണ്ട അസംബ്ലീസ് ഓഫ് ഗോഡ് പ്രസ്ഥാനവുമായി 1919-ൽ കുക്കുസായിപ്പ് ബന്ധം സ്ഥാപിച്ചു. അവരിൽ നിന്ന് സാമ്പത്തികസഹായം സ്വീകരിച്ചു എന്ന് ന്യായമായും കരുതാം. 1924-ൽ അമേരിക്കയിൽ അവധിക്കുപോയ സായിപ്പ് എ.ജിയുമായുള്ള ബന്ധം ദൃഢമാക്കിയാണ് തിരികെപ്പോന്നത്.

1926-ൽ കേരളത്തിൽ മടങ്ങിയെത്തിയ കുക്ക്സായിപ്പിനെ സ്വീകരിക്കുവാൻ പാസ്റ്റർ കെ.ഇ.ഏബ്രഹാമും സംഘവും കൊട്ടാരക്കരയിലെത്തി. തുടർന്ന് കുക്ക്സായിപ്പ് സ്ഥാപിച്ച തെന്നിന്ത്യാ പൂർണ്ണസുവിശേഷ സഭയും കെ.ഇ.ഏബ്രഹാമിന്റെയും കൂട്ടാളികളുടെയും തെന്നിന്ത്യാ പെന്തെക്കോസ്തു സഭയും ഒന്നിച്ച് പ്രവർത്തിക്കുവാൻ തീരുമാനമായി. അങ്ങനെ തുടങ്ങിയ സഭക്ക് 'മലങ്കര പെന്തെക്കോസ്ത് സഭ' എന്ന പേര് നൽകി. ആ പേരിനൊടൊപ്പം അച്ചടിച്ച രേഖകളിൽ "ദി അസംബ്ലീസ് ഓഫ് ഗോഡ് ഇൻ മലബാർ" എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. അതായത് അസംബ്ലീസ് ഓഫ് ഗോഡിന്റെ ഔദ്യോഗിക പ്രവർത്തനമായിരുന്നു കുക്കു സായിപ്പിന്റേത്.

എന്നാൽ ആത്മകഥയെഴുതിയപ്പോൾ കുക്ക്സായിപ്പ് ഈ ചരിത്രമെല്ലാം മറച്ചുവയ്ക്കുകയോ മറന്നുകളയുകയോ ചെയ്തു. അസംബ്ലീസ് ഓഫ് ഗോഡിന്റെ ധാരാളം മിഷനറിമാർ പല ഘട്ടങ്ങളിലായി ഇന്ത്യയിൽ വന്ന് വിവിധ സ്ഥലങ്ങളിൽ പ്രവർത്തിച്ചു. ഇവരുടെ പ്രവർത്തനങ്ങൾ

*(ശേഷം പേജ് 9 ൽ)*

---

**സൃഷ്ടിയോ പരിണാമമോ? 4**

# ശാസ്ത്രത്തിന്റെ പ്രപഞ്ചോല്പത്തി സിദ്ധാന്തം ബൈബിൾ വിരുദ്ധം



ജോസഫ് ഇടക്കാട്ടിൽ

**1)ഭയങ്കരവും അതിശയവുമായി......**

**പ്രപഞ്ചത്തിന്റെ ഉൽപത്തിയെ കുറിച്ചുള്ള ശാസ്ത്രതത്വങ്ങൾ തിരുവചന സത്യങ്ങളുമായി ഒത്തുപോകുന്നതല്ല. അതിനു കാരണവുമുണ്ട്. പ്രപഞ്ചത്തിന്റെ ഉൽപത്തിയെക്കുറിച്ചുള്ള ശാസ്ത്രീയ തത്വങ്ങൾ കൃത്യമായി തെളിയിക്കപ്പെട്ടവയല്ല. അവ കേവലം നിഗമനങ്ങളും ഊഹാപോഹങ്ങളും മാത്രമാണ്.**

ഈ അടുത്തകാലത്ത് പ്രസിദ്ധനായ ഒരു കൺവെൻഷൻ പ്രസംഗകൻ പാറകൾ പിളരാൻ തുടങ്ങിയത് യേശുവിന്റെ കുരിശ്മരണത്തോടുകൂടിയാണ് എന്ന് പ്രസ്താവിക്കുകയുണ്ടായി. മത്തായിയുടെ സുവിശേഷത്തിൽ യേശു പ്രാണൻവിട്ടപ്പോൾ ഭൂമി കുലുങ്ങി, പാറകൾ പിളർന്നു, കല്ലറകൾ തുറന്നു.... എന്ന് നാം വായിക്കുന്നുണ്ട്. ഈ വേദഭാഗമാണ് ഇദ്ദേഹത്തെ ഇങ്ങനെയൊരു നിഗമനത്തിൽ കൊണ്ടുവന്നെത്തിച്ചത്. ചില യുവാക്കൾ ഈ വിഷയം ചർച്ചചെയ്യുന്നത് കേട്ടാണ് ഞാനീ കുറിപ്പുകൾ തയ്യാറാക്കുന്നത്. അദ്ദേഹം പറഞ്ഞത് തെറ്റോ ശരിയോ എന്ന് ഞാൻ പ്രസ്താവിക്കുന്നില്ല. പകരം വേദപുസ്തകം ഇക്കാര്യത്തിൽ എന്തുപറയുന്നുവെന്നും ഭൂമിശാസ്ത്രപഠനം എന്തു പറയുന്നു എന്നും നമുക്ക് പരിശോധിക്കാം

യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന് മുമ്പ് തന്നെ പാറകൾ പിളർന്നിട്ടുണ്ട് എന്നതിന് വേദപുസ്തകം തന്നെ തെളിവുനൽകുന്നുണ്ട്. പുറപ്പാട് പുസ്തകം 33:22 ൽ മോശെയോട് യഹോവ പറയുന്നത് 'ഞാൻ നിന്നെ പാറയുടെ പിളർപ്പിൽ ആക്കി മറക്കും എന്നാണ്. ഉത്തമഗീതം 2:14 ൽ പാറയുടെ പിളർപ്പിൽ ഇരിക്കുന്ന പ്രാവിനെകുറിച്ച് പ്രസ്താവിച്ചു കാണുന്നു.

വളരെ ചിന്തനീയമായൊരു ഭാവനയാണ് അദ്ദേഹം പറഞ്ഞതെങ്കിലും നമ്മുടെ യുവാക്കൾ ഇക്കാര്യങ്ങൾ അതേപടി ഏറ്റുപറയുകയും പ്രചരിപ്പിക്കുകയും ചെയ്താൽ സംഗതി നാണക്കേടാവും. അതുകൊണ്ട് സാധാരണക്കാരായ നമ്മുടെ സുവിശേഷകന്മാർക്കും വിശ്വാസികൾക്കും മഹത്തായ ദൈവീകസൃഷ്ടിയെക്കുറിച്ച് ഉൾകാഴ്ച ലഭിക്കുന്നതിന് ചില കുറിപ്പുകൾ തയ്യാറാക്കാൻ കർത്താവിൽ ശരണപ്പെടുന്നു.

ഒരു ശാസ്ത്രജ്ഞന്റെ കണ്ണാടിയിൽകൂടി സൃഷ്ടിയുടെ വിശദാംശങ്ങൾ കാണുവാൻ ഞാൻ ശ്രമിക്കുന്നില്ല. പകരം ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്ന വാക്യം സൂക്ഷ്മദർശിനിയായി ഉപയോഗിച്ചുകൊണ്ട് ഒരു വിശ്വാസിയുടെ ആത്മീയ കണ്ണോടെ കാര്യങ്ങൾ ദർശിക്കാനാണ് ഉദ്ദേശിക്കുന്നത്.

പ്രപഞ്ചരഹസ്യങ്ങൾ ശാസ്ത്രീയമായി വിശദീകരിക്കുവാൻ ഞാനൊരു ശാസ്ത്രജ്ഞനല്ല. വിദ്യാർത്ഥികളെ ഭൂമിശാസ്ത്രം പഠിപ്പിക്കാൻ വേണ്ടി അൽപസ്വൽപം ഭൂമിശാസ്ത്രം പഠിക്കേണ്ടിവന്നു. അങ്ങനെ പാഠപുസ്തകങ്ങളെ ആധാരമാക്കിയാണ് ഈ ലേഖനകുറിപ്പുകൾ തയ്യാറാക്കുന്നത്. ഞാൻ മനസ്സിലാക്കിയിട്ടുള്ളത് ശാസ്ത്രീയ കണ്ടുപിടിത്തങ്ങളും തത്വങ്ങളും വേദപുസ്തകം നൽകുന്ന ജ്ഞാനവുമായി ഒത്തുപോകുന്നു എന്നാണ്. മാത്രമല്ല ചില പ്രപഞ്ചരഹസ്യങ്ങളുടെ ചുരുൾ അഴിക്കുന്നതിന് ബൈബിൾ നൽകുന്ന സൂചനകൾ ഉപയോഗപ്പെട്ടിട്ടുണ്ട്. വളരെ വ്യക്തമായ ഒരു ഉദാഹരണം പറയാം. കോടിക്കണത്തിന് കിലോമീറ്റർ ദൂരത്ത് സ്ഥിതിചെയ്യുന്ന സൂര്യനെക്കുറിച്ചും മറ്റ് നക്ഷത്രങ്ങളെക്കുറിച്ചും നമ്മുടെ ശാസ്ത്രജ്ഞന്മാർ കൃത്യമായ വിവരങ്ങൾ നൽകുന്നുണ്ട്. സൂര്യന്റെ കേന്ദ്രഭാഗത്തെ ചൂടും ഉപരിഭാഗത്തെ ചൂടുമെല്ലാം വളരെ വ്യക്തമായ കണക്കുകൾ നിരത്തി അവർ തെളിയിക്കുന്നു. എന്നാൽ നാം കാൽചവിട്ടി നിൽക്കുന്ന ഈ ഭൂമിയുടെ അന്തർഭാഗത്തെ സ്ഥിതിയെന്താണ് എന്ന് നമ്മുടെ ശാസ്ത്രജ്ഞന്മാർ മനസ്സിലാക്കിയിട്ട് വളരെകുറച്ച് കൊല്ലങ്ങൾ മാത്രമേ ആയിട്ടുള്ളു. എന്നാൽ ഭൂമിയുടെ അന്തർഭാഗത്ത് എന്താണ് സംഭവിക്കുന്നതെന്ന് ദൈവാത്മാവ് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഭൂമിയുടെ അധോഭാഗം തീ കൊണ്ടെന്നപ്പോലെ മറിയുന്നു. (ഇയ്യോബ് 28: 5) ഈ ഒറ്റ വാക്യം മതി ബൈബിളിന്റെ ദൈവശ്വാസീയത ഉറപ്പിക്കുവാൻ. ഭൂമിയുടെ ഉള്ളറകളിൽ നടക്കുന്ന പ്രവർത്തനങ്ങളെകുറിച്ച് നമ്മുടെ ശാസ്ത്രജ്ഞന്മാർക്ക് ഇപ്പോഴും കൃത്യമായ അറിവില്ല. എന്നാൽ ഭൂമിയുടെ ഏറ്റവും അന്തർഭാഗത്ത് അതികഠിനമായ താപവും മർദ്ദവും അനുഭവപ്പെടുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്. ഭൂമിയുടെ ഏറ്റവും ഉൾഭാഗത്തുള്ള അകക്കാമ്പിലെ ഊഷ്മാവ് ഏകദ്ദേശം 5000 ഡിഗ്രി സെന്റിഗ്രേഡാണ്. 100 ഡിഗ്രി സെന്റിഗ്രേഡിലാണ് വെള്ളം തിളക്കുന്നത്. അങ്ങനെയെങ്കിൽ 5000 ഡിഗ്രി ഊഷ്മാവിൽ ഇരുമ്പടക്കമുള്ള ലോഹങ്ങളും കല്ലും മണ്ണുമെല്ലാം വെന്തുരുകി തിളച്ചുമറിയും. ഇത്ര അതിഭയങ്കരമായി തിളച്ചുമറിയുന്ന ഊഷ്മാവ് ഭൂമിയുടെ അന്തർഭാഗത്തുള്ളതുകൊണ്ടാണ് നമ്മുടെ ചില ബൈബിൾ പണ്ഡിതന്മാർ നരകം ഭൂമിയുടെ അന്തർഭാഗത്താണ് എന്ന് പഠിപ്പിക്കുന്നത്. ഏതായാലും ഭൂമിശാസ്ത്രം പഠിക്കുവാനുള്ള യാതൊരു ഉപകരണവും നിലവിലില്ലാതിരുന്ന മുവായിരം വർഷങ്ങൾക്ക് മുമ്പ് ഇക്കാര്യം ഇയ്യോബിന് എങ്ങനെ മനസ്സിലായി? ദൈവാത്മാവ് വെളിപ്പെടുത്തി എന്നല്ലാതെ എന്തുപറയാൻ.

പ്രപഞ്ചത്തിന്റെ ഉൽപത്തിയെ കുറിച്ചുള്ള ശാസ്ത്രതത്വങ്ങൾ തിരുവചന സത്യങ്ങളുമായി ഒത്തുപോകുന്നതല്ല. അതിനു കാരണവുമുണ്ട്. പ്രപഞ്ചത്തിന്റെ ഉൽപത്തിയെക്കുറിച്ചുള്ള ശാസ്ത്രീയ തത്വങ്ങൾ കൃത്യമായി തെളിയിക്കപ്പെട്ടവയല്ല. അവ കേവലം നിഗമനങ്ങളും ഊഹാപോഹങ്ങളും മാത്രമാണ്. പ്രപഞ്ചം ദൈവീക സൃഷ്ടിയാണ് എന്ന് അംഗീകരിക്കുവാൻ മനസ്സില്ലാത്ത ചില ശാസ്ത്രജ്ഞന്മാർക്ക് പിന്നെ ഇതൊക്കെ എങ്ങനെ രൂപംകൊണ്ടു എന്ന ചോദ്യത്തിനുള്ള മറുപടി അവരുടെ ഭാവനയും, സങ്കൽപ്പങ്ങളും ഊഹങ്ങളും മാത്രമാണ്. യാഥാർത്ഥ്യമല്ലാത്ത ഇത്തരം ഊഹങ്ങൾ ബൈബിൾ മുന്നോട്ട് വെക്കുന്ന സൃഷ്ടിയുമായി ഒത്തുപോകില്ല എന്നത് വാസ്തവമാണ്.

എന്നാൽ ശാസ്ത്രം വ്യക്തമായി തെളിയിച്ചിട്ടുള്ള സകല ശാസ്ത്രതത്വങ്ങളും അതായത് ഭൂമിയുടെ വൃത്താകൃതി, അന്തർഭാഗത്തെ ലാവ, കാറ്റ്, മഴ, അഗ്നിപർവതം, ഭൂകമ്പം, തുടങ്ങി മനുഷ്യമനസ്സിന്റെ പ്രത്യേകതകൾ പോലും തിരുവചന സത്യങ്ങളുമായി ഒത്തുപോകുന്നവയാണ്. ഏതെങ്കിലും വേദപുസ്തകപദപ്രയോഗങ്ങൾ ശാസ്ത്രീയ അടിത്തറ ഇല്ലാത്തതാണ് എന്ന് തോന്നിക്കുന്നുവെങ്കിൽ അത് ആ പദപ്രയോഗത്തിന്റെ അർത്ഥവ്യത്യാസമോ, അതുമല്ലെങ്കിൽ ഭാഷാശൈലിയിലെ വ്യത്യാസമോ ആയിരിക്കും കാരണം. ഉദാഹരണത്തിന് വേദപുസ്തകത്തിലുള്ള 'ഭൂമിയെ പരത്തി, ഭൂമിയെ ഉറപ്പിച്ചു എന്നൊക്കെയുള്ള പ്രയോഗങ്ങൾകൊണ്ട് ഭൂമി പരന്നതാണെന്നോ ഭൂമികറങ്ങുന്നില്ലെന്നോ ഒരിക്കലും അർത്ഥമാക്കുന്നില്ല.

പാറയുടെ പിളർപ്പിനെകുറിച്ച് പറഞ്ഞപ്പോഴാണല്ലൊ ഇതൊക്കെ സൂചിപ്പിച്ചത്. മലമ്പ്രദേശങ്ങൾ സന്ദർശിച്ചിട്ടുള്ളവർ കണ്ടിട്ടുണ്ടാകും പാറകൾ പൊട്ടിയും പിളർന്നുമൊക്കെ ഇരിക്കുന്നത്. ഭൂമി ഉണ്ടായകാലം മുതലുള്ള ഒരു പ്രതിഭാസമാണ് പാറകൾ പൊട്ടുന്നതും പിളരുന്നതും ഇതിനൊക്കെ ശാസ്ത്രീയമായ കാരണങ്ങളുണ്ട്. ഊഷ്മാവ് ഉയരുമ്പോൾ ഖരവസ്തുക്കൾ വികസിക്കുന്നു. അങ്ങനെ പകൽ സമയത്തെ ചൂടിൽ വികസിക്കുന്ന പാറകൾ രാത്രിയിലെ തണുപ്പിൽ സങ്കോചിക്കുന്നു. ഈ സങ്കോചവികാസങ്ങളാണ് പാറയെ പൊട്ടിക്കുന്നത്. ചുട്ടുപഴുത്തിരിക്കുന്ന ഒരു ബൾബിന്റെ മേൽ വെള്ളമൊഴിച്ച് ഇക്കാര്യം പരീക്ഷിക്കാവുന്നതാണ്. പർവ്വതപ്രദേശങ്ങളിൽ വാളുകൊണ്ട് മുറിച്ച് വെച്ചിരിക്കുന്നത്പോലെ ശിലകൾ വിണ്ടുകീറിയിരിക്കുന്നത് ഈ പ്രതിഭാസം മൂലമാണ്. അങ്ങനെ യേശുവിന് മുമ്പും പാറകൾ പൊട്ടിപിളർന്നുവെന്ന് ശാസ്ത്രം പറഞ്ഞാൽ നമുക്കതിനെ എതിർക്കണ്ട, ശരിയെന്ന് സമ്മതിച്ചാൽ മതി.

ഏതായാലും വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന പ്രകൃതിപ്രതിഭാസങ്ങളെ വിശ്വാസികൾക്കും സുവിശേഷ പ്രസംഗകർക്കും പ്രയോജനപ്പെടുന്ന രീതിയിൽ ശാസ്ത്രീയ തെളിവുകൾ നിരത്തി വ്യാഖ്യാനിക്കുവാൻ നമുക്ക് ശ്രമിക്കാം. ഈ ഉദ്യമത്തിൽ എല്ലാ ദൈവമക്കളുടെയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു.

വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകൃതിപ്രതിഭാസങ്ങൾ ശാസ്ത്രീയമായി സത്യമാണെന്ന് തെളിയിക്കുന്നതിന് ഉതകുന്ന തെളിവുകളോ വാദഗതികളൊ നിങ്ങളുടെ പക്കൽ ഉണ്ടെങ്കിൽ അവ അയച്ചു തന്ന് സഹായിക്കണം. അങ്ങനെ ലഭിക്കുന്ന തെളിവുകളും നമ്മുടെ തുടർന്നുള്ള പഠനത്തിന് ഉപയോഗിക്കുന്നതാണ്. വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രതിഭാസങ്ങളിൽ ഏതെങ്കിലും ശാസ്ത്രീയമായി ഒത്തുപോകുന്നില്ല എന്ന് സംശയമുണ്ടെങ്കിൽ അവയും നമുക്ക് പങ്കുവെക്കാം.

പ്രകൃതി പ്രതിഭാസങ്ങളുടെ ഉൽപത്തിയെക്കുറിച്ച് വിശ്വാസികൾക്ക് ഒന്നേ പറയാനുള്ളു അവയെല്ലാം ദൈവം സൃഷ്ടിച്ചു. ഉദാഹരണത്തിന് മഴ പെയ്യുന്നതിനുവേണ്ടി ദൈവം ആദ്യം സമുദ്രത്തെ സൃഷ്ടിച്ചു. സമുദ്രത്തിൽ നിന്ന് നീരാവി ഉയർന്ന് തണുത്താണല്ലോ മഴപ്പെയ്യുന്നത്. എന്നാൽ പരിണാമവാദികളായ ശാസ്ത്രജ്ഞന്മാരോട് ചോദിച്ചു നോക്കൂ. സമുദ്രമാണോ മഴയാണോ ആദ്യമുണ്ടായതെന്ന്? അവരുടെ ഉത്തരം സമാന്യബുദ്ധിക്ക് നിരക്കുന്നതല്ല. മഴപെയ്യാതെ സമുദ്രമുണ്ടാകില്ല. സമുദ്രമുണ്ടാകാതെ മഴപെയ്യില്ല. അപ്പോൾ അവർക്ക് ഭാവനയെയും ഊഹാപോഹങ്ങളെയും ആശ്രയിക്കുകയേ മാർഗമുള്ളു. ആദ്യമായി മഴയുണ്ടായതിനെക്കുറിച്ച് ചില ശാസ്ത്രജ്ഞന്മാർ മെനഞ്ഞുണ്ടാക്കുന്ന അനുമാനങ്ങളും ഊഹാപോഹങ്ങളും നമുക്ക് അടുത്ത ലക്കത്തിൽ പങ്കുവെക്കാം.

# ചർച്ച് ഓഫ് ഗോഡിന്റെ ആസ്ഥാനം എ.ജിയുടെ സ്വന്തം സ്ഥലത്ത്

*1-ാം പേജ് തുടർച്ച*

തമ്മിൽ ഏകോപനമോ പരസ്പരബന്ധമോ കാര്യമായി ഉണ്ടായിരുന്നില്ല. അതിനാൽത്തന്നെ പരസ്പരം അതിർത്തികൾ ഭേദിച്ച് പ്രവർത്തനങ്ങൾ നടന്നിരിക്കാം. ഇത്തരം അതിർത്തിത്തർക്കങ്ങൾ ഒഴിവാക്കുവാൻ 1929-ൽ അസംബ്ലീസ് ഓഫ് ഗോഡിന് സൗത്ത് ഇന്ത്യാ സിലോൺ കൗൺസിൽ രൂപീകരിക്കപ്പെട്ടു. എ.ജി.മിഷനറിമാർ അവരവരുടെ ഭൂപരിധിക്കകത്ത് മാത്രമേ പ്രവർത്തിക്കാവൂ എന്ന നിയമം നടപ്പിലാക്കി. ഈ നിയമം മൂലം തങ്ങളുടെ പ്രവർത്തന സ്വാതന്ത്ര്യം നഷ്ടപ്പെടുമെന്നു മനസ്സിലാക്കിയ കെ.ഇ.ഏബ്രഹാമും മറ്റും എ.ജി.യുമായുള്ള ബന്ധം വേണ്ടെന്ന് വയ്ക്കുവാൻ കുക്കുസായിപ്പിനെ പ്രേരിപ്പിച്ചു. അങ്ങനെയാണ് കുക്ക്സായിപ്പ് പത്തു വർഷം നീണ്ട എ.ജി.ബന്ധം അവസാനിപ്പിക്കുന്നത്.

എന്നാൽ കുക്ക്സായിപ്പ് ആത്മകഥയിൽ എ.ജി.ബന്ധത്തെക്കുറിച്ച് തുറന്നുപറയുന്നതിൽ മടി കാണിച്ചു. തന്റെ പുസ്തകം ഒരു നാൾവഴി ചരിത്രപുസ്തകമാക്കുക എന്ന ഉദ്ദേശം ഇല്ലായിരുന്നു എന്ന് വാദിക്കാമെങ്കിലും വസ്തുതകൾ മറച്ചുവയ്ക്കുന്നതിന് ന്യായീകരണമില്ലല്ലോ.

സീയോൻകുന്നിന്റെ ശാപത്തെക്കുറിച്ച് പറഞ്ഞാണല്ലോ തുടങ്ങിയത്. എനിക്കറിയാവുന്നതും എന്റെ അന്വേഷണത്തിൽ സത്യമെന്ന് കേട്ടതുമായ ഒരു കാര്യം പറയാം. ഇത് തെറ്റാണെങ്കിൽ ബന്ധപ്പെട്ടവരിൽ ആരെങ്കിലും സത്യം പുറത്തുകൊണ്ടു വരണം. “സീയോൻകുന്നിന്റെ ആധാരം ഇപ്പോഴും അസംബ്ലീസ് ഓഫ് ഗോഡിന്റെ പേരിലാണെന്നതാണ് ആ വസ്തുത.” അതായത് ചർച്ച് ഓഫ് ഗോഡിന്റെ ആസ്ഥാനം അസംബ്ലീസ് ഗോഡിന്റെ സ്വന്തമാണെന്ന്. ഇതു പറഞ്ഞ് അവകാശം ചോദിക്കുവാനോ നഷ്ടപരിഹാരം വാങ്ങാനോ കെൽപ്പുള്ള നേതാക്കന്മാരൊന്നും എ.ജിയിലില്ലാത്തത് ചർച്ച് ഓഫ് ഗോഡിന്റെ ഭാഗ്യം.

കോട്ടയത്ത് നാട്ടകത്ത് ഇമാ മോഹൻദാസ് എന്ന ശില്പിയുണ്ട്. അവാർഡുകൾ, പുരസ്കാരങ്ങൾ തുടങ്ങിയവയുടെ ശില്പങ്ങൾ മൊമെന്റോ ഒക്കെ ഉണ്ടാക്കാൻ അദ്ദേഹത്തെയാണ് സമീപിക്കുന്നത്. മലയാള മനോരമ തുടങ്ങി കേരളത്തിലെ പല പ്രമുഖ ബിസിനസ് ഗ്രൂപ്പുകളുടെയും പല പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളുടെയും എംബ്ലം തയ്യാറാക്കിയത് അദ്ദേഹമാണ്. കമ്പ്യൂട്ടർ ഗ്രാഫിക്സും മറ്റുമുണ്ടാകുന്ന കാലത്തിന് മുമ്പ് അദ്ദേഹം വരച്ചുണ്ടാക്കിയ എംബ്ലമാണ് ഇന്നും പലരും ഉപയോഗിക്കുന്നത്. ആദ്യകാലത്തൊന്നും എംബ്ലത്തിന്റെ വാസ്തു ശാസ്ത്രമൊന്നും ആരും നോക്കാറില്ലായിരുന്നു. ഈയിടെ വാസ്തു ശാസ്ത്രത്തിന് പ്രാധാന്യം വർദ്ധിച്ചപ്പോൾ പല കമ്പനികളും പ്രസ്ഥാനങ്ങളും തങ്ങളുടെ കമ്പനിയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വാസ്തുശാസ്ത്രപ്രകാരം എംബ്ലങ്ങൾ മാറ്റി വരച്ചു.

ശില്പി മോഹൻദാസിനും വാസ്തു ശാസ്ത്രത്തിൽ വിശ്വാസം വർദ്ധിച്ചതോടെ അദ്ദേഹം ഇന്നു വരെ വരച്ച എംബ്ലങ്ങളുടെ രജിസ്റ്ററെടുത്ത് തന്റെ സകല കസ്റ്റമേഴ്സിനും ഒരു കത്തയച്ചു. വാസ്തുശാസ്ത്രപ്രകാരം ചില മാറ്റങ്ങൾ വരുത്തിയാൽ ഐശ്വര്യം വർദ്ധിക്കുമെന്നും ദോഷങ്ങൾ പരിഹരിക്കപ്പെടുമെന്നുമായിരുന്നു കത്തിന്റെ ഉള്ളടക്കം.

ഈ കത്തു കിട്ടിയ പല സ്ഥാപനങ്ങളും എംബ്ലത്തിൽ ശില്പി പറഞ്ഞ മാറ്റങ്ങൾ വരുത്തിയത്രേ. അങ്ങനെ ദോഷങ്ങൾ മാറ്റിയവരുടെ കൂട്ടത്തിൽ ചില പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളുടെ എംബ്ലവുമുണ്ടെന്ന് മോഹൻദാസ് പറഞ്ഞു. ഈ വഴിക്കും സീയോൻകുന്നിന് ഒരു ശ്രമം നടത്താവുന്നതാണ്.

കുക്ക് സായിപ്പിന്റെ പുസ്തകത്തെക്കുറിച്ചുള്ള കുറിപ്പ് ഇവിടെ അവസാനിക്കുന്നില്ല.

## ചാർജെടുത്തു



ന്യൂഡൽഹി: ജെ.പി. വെണ്ണിക്കുളം ന്യൂഡൽഹി ലക്ഷ്മി നഗർ ശാരോൻ ഫെലോഷിപ്പ് ചർച്ച് ശുശ്രൂഷകനായി മാർച്ച് 17-ന് ചാർജെടുത്തു. 09873814320

## വചനധ്യാനവും വിടുതൽ സന്ദേശവും

അത്താണി: അത്താണി ഓവർബ്രിഡ്ജിന് സമീപം കിടങ്ങത്ത് ഓഡിറ്റോറിയത്തിൽ മാർച്ച് 28-29 തീയതികളിൽ വചനധ്യാനവും വിടുതൽ സന്ദേശവും നടക്കും. റവ.മോനച്ചൻ വർഗീസ്, പാസ്റ്റർ അനീഷ് എന്നിവർ സന്ദേശം നൽകും. ഷൈൻ കെ.സാമുവേൽ പ്രോഗ്രാം കോർഡിനേറ്ററായി പ്രവർത്തിക്കുന്നു.

## വി.ബി.എസ്

ചങ്ങനാശ്ശേരി: വൈ.പി.സി.എയും, എക്സൽ ക്ലബും ചേർന്നൊരുക്കുന്ന എക്സൽ വെക്കേഷൻ ബൈബിൾ സ്കൂൾ ഏപ്രിൽ 8-12 വരെ പെരുന്ന ന്യൂ ഇന്ത്യാ ടൗൺ ചർച്ച് ഓഫ് ഗോഡ് ഹാളിൽ നടക്കും. പാസ്റ്റർ ലിജോ ജോസഫ് തടിയൂർ നേതൃത്വം നൽകും.

## സെന്റർ കൺവൻഷൻ

തിരുവനന്തപുരം: ഐ.പി.സി.തിരുവനന്തപുരം സൗത്ത് സെന്ററിന്റെ സെന്റർ കൺവൻഷൻ ഏപ്രിൽ 19-21 വരെ ചേങ്കോട്ടുകോണം ഐ.പി.സി. സഭയുടെ നേതൃത്വത്തിൽ ചേങ്കോട്ടുകോണം ജംഗ്ഷന് സമീപം നടക്കും. സെന്റർ മിനിസ്റ്റർ പാസ്റ്റർ വൈ.റോബർട്ട് ഉദ്ഘാടനം ചെയ്യും. റവ.കെ.സി.ജോൺ, പാസ്റ്റർ തോമസ് ഫിലിപ്പ്, പാസ്റ്റർ ഷാജു സി.ജോസഫ് എന്നിവർ പ്രസംഗിക്കും. ചേങ്കോട്ടുകോണം സഭാഹാളിൽ സംയുക്ത സഭാ യോഗവും, സണ്ടേസ്കൂൾ-പി.വൈ.പി.എ., മിഷൻ ബോർഡ്, സോദരീ സമാജം എന്നിവയുടെ സംയുക്ത വാർഷിക യോഗവും നടക്കും.

## ഐ.പി.സി.മിഡ്വെസ്റ്റ് റീജിയൻ ശുശ്രൂഷക സമ്മേളനം

ഡാളസ്: ഐ.പി.സി.മിഡ്വെസ്റ്റ് റീജിയന്റെ ശുശ്രൂഷകന്മാരുടെയും സുവിശേഷപ്രവർത്തകരുടെയും സമ്മേളനം മാർച്ച് 29,30 ന് ഡാളസിലുള്ള ഐ.പി.സി.ശാലേം ചർച്ച് ഓഡിറ്റോറിയത്തിൽ നടക്കും. റവ.ഡോ.സി. തോമസ് മുഖ്യപ്രഭാഷകനായിരിക്കും. റവ.കെ.ജെ.കുറിയാക്കോസ്, റവ.എം.ഒ.സാമുവേൽ എന്നിവരും പ്രസംഗിക്കും.

റീജിയന്റെ പ്രസിഡന്റ് റവ.തോമസ് കോശി, വൈസ് പ്രസിഡന്റ് റവ.മാത്യുക്കുട്ടി സാമുവേൽ, സെക്രട്ടറി കെവി.തോമസ്, ജോയിന്റ് സെക്രട്ടറി ജോൺസൺ വർക്കി, ട്രഷറാർ ജോയ് തുമ്പമൺ എന്നിവർ പ്രവർത്തിക്കുന്നു.

## ഐ.പി.സി വിഴിഞ്ഞം ഏരിയ

വിഴിഞ്ഞം: ഐ.പി.സി വിഴിഞ്ഞം ഏരിയായുടെ മാർച്ചു മാസത്തെ ഏകദിന സുവിശേഷപ്രവർത്തനം2 0ന് ടൂറിസ്റ്റ് കേന്ദ്രമായ ചൊവ്വരയിൽ നടന്നു. ചൊവ്വര കോളനിയിൽ നടന്ന പരസ്യയോഗത്തിൽ ബിനു അനുഭവ സാക്ഷ്യവും, പാസ്റ്റർ ഡോ.പി.എം ജോൺസൺ വചനശുശ്രൂഷയും നടത്തി. ബഥേസ്ഥാ ക്വയർ ഗാനങ്ങൾ ആലപിച്ചു. പ്രവർത്തനങ്ങൾക്ക് ഇവാ.ദിലീപ്കുമാർ (ഇവാഞ്ചലിസം ഡയറക്ടർ) നേതൃത്വം നൽകി.


# RHEMA BIBLE COLLEGE

Nallur, Kozhippara (PO), Palakkad, Kerala, India, Pin. 678557
(Accredited by ATA)

*Equipping People from all walks of life, for God's ministry*

Applications are invited from born again Men and Women with definite call and commitment for the Lord's work. Admission for the next academic year starts on 15th April and classes will commence on 10th June 2013

| Courses | Duration (Years) | Minimum Qualification | Medium |
|---|---|---|---|
| M.Div | 3 | BA/ B.com/ Equivalent | English |
| M.Div | 2 | B.Th (ATA) with Second Class mark | English |
| B.Th | 3 | PDC/ PUC/ +2 Pass/ Dip.Th (ATA) | English |
| Dip.Th | 2 | SSLC Pass/ Equivalent | English |
| Dip.Th | 2 | SSLC Pass/ Equivalent | Tamil |
| C.Th (RBC Program) | 2 | Minimum 8th Pass | Tamil |

OUR SPECIALTIES
- Academic Excellence
- Experienced and well qualified faculties
- Well equipped computerized library with large volume of profound books.
- Resident Faculties and Staff.
- Beautiful and spacious Campus
- Ministry opportunities in Mizpah Goodnews Ministries for willing persons.
- Qualified Education in a Spirit-filled Atmosphere
- For the prospectus and application forms, please send MO for Rs. 100/- to us.
- Application forms are available in the website.

Dip.Th & B.Th programmes are accredited by ATA and we are looking forward the M.Div Level Accreditation.

For further details Contact:
The Registrar, Nallur, Rhema Bible College
Kozhippara (PO), Kerala, India.
PH. 40923235013, 09747676454, 8907118150
Website: www.rhemabiblecollege.org E- mail: rbc.registrar@yahoo.com


## എ.ജി ദക്ഷിണമേഖല കൺവൻഷൻ









ആര്യനാട്: അസംബ്ലീസ് ഓഫ് ഗോഡ് ദക്ഷിണമേഖല കൺവൻഷൻ മെയ് 2-5 വരെ കാട്ടാക്കട ക്രിസ്ത്യൻ കോളജ് ഗ്രൗണ്ടിൽ നടക്കും. പാസ്റ്റർ എൻ.ക്രിസ്തുദാസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർ വി.ടി ഏബ്രഹാം, പാസ്റ്റർ ഇ.യാഹ്ദത്തമണി, പാസ്റ്റർ എം.ജോൺസൺ എന്നിവരാണ് മുഖ്യ പ്രഭാഷകർ.

സണ്ടേസ്കൂൾ, സി.എ, ഡബ്ല്യു.എം.സി തുടങ്ങി പുത്രിക സംഘടനകളുടെ വാർഷിക സമ്മേളനങ്ങളും നടക്കും. മേഖല ഡയറക്ടർ ചെയർമാനായ കൺവൻഷൻ കമ്മറ്റിയിൽ സെക്രട്ടറിയായി പാസ്റ്റർ ജി.ജോൺസനും, ഖജാൻജിയായി കെ. വിൽഫ്രഡും പ്രവർത്തിക്കും. പാസ്റ്റർ സ്റ്റുവർട്ട് (പബ്ലിസിറ്റി), പാസ്റ്റർ ഡി.കുഞ്ഞുമോൻ (മീഡിയ),. പാസ്റ്റർ സത്യദാസ് (ഫിനാൻസ്), പാസ്റ്റർ ജെ സ്റ്റീഫൻ (പ്രാർത്ഥന), പാസ്റ്റർ എം.ജെ ഫിലിപ്പ് (അഷേസ്), പാസ്റ്റർ ഡി.ഫ്രാൻസിസ് (വോളന്റിയേഴ്സ്), പാസ്റ്റർ പി.കെ യേശുദാസ് (താമസം, ക്രമീകരണം), റ്റി.ജോൺസ് (ഭക്ഷണം), പാസ്റ്റർ മീഖായേൽ (ഗാനശുശ്രൂഷ) എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മറ്റി വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും. മെയ് 5ന് പൊതു ആരാധന നടക്കും.

## ഏരിയാ കൺവീനർ



ഐ.പി.സി ഒറ്റപ്പാലം ഏരിയാ കൺവീനറായി പാസ്റ്റർ ഏബ്രഹാം ഫിലിപ്പോസ് നിയമിതനായി. സൗദി സെൻട്രൽ റീജിയൻ പ്രസിഡന്റായും ഐ.പി.സി ജനറൽ കൗൺസിൽ അംഗമായും പ്രവർത്തിക്കുന്നു.

## ഏകദിന പവ്വർ പ്രെയർ കോൺഫ്രൻസ്

ജമ്മു-കാഷ്മീർ: മിഷൻ പ്രെയർ ടവ്വറിന്റെ ആഭിമുഖ്യത്തിൽ ജമ്മു കാശ്മീരിലുള്ള എല്ലാ ക്രിസ്തീയ സംഘടനകളും ചേർന്ന് മെയ് 2-ന് ദേശത്തിന്റെ വിടുതലുനായി 12 മണിക്കൂർ പ്രാർത്ഥന നടത്തുന്നു. വിവിധ ക്രിസ്തീയ സംഘടനകളുടെ നേതൃത്വത്തിലുള്ള 24 പേർ കോർഡിനേറ്റേഴ്സായി മേൽനോട്ടം വഹിക്കുകയും പ്രാർത്ഥനാ വിഷയങ്ങൾ പങ്കുവയ്ക്കുയും ചെയ്യും. പാസ്റ്റർ മാത്യു ഡാനിയേൽ, പാസ്റ്റർ ലാൻസ്, പാസ്റ്റർ വി.സി.വിൽസൻ എന്നിവർ നേതൃത്വം നൽകും. ഫോൺ: 09413278551

## കൺവൻഷൻ

അടൂർ: അങ്ങാടിക്കൽ അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ ചുമതലയിൽ ഏപ്രിൽ 2-4 വരെ സുവിശേഷയോഗങ്ങൾ നടക്കുന്നു. പാസ്റ്റർ റ്റി.ഡി ബാബു, പാസ്റ്റർ എബി ഏബ്രഹാം, റവ.റ്റി.ജെ സാമുവൽ എന്നിവർ പ്രസംഗിക്കും. പാസ്റ്റർ പി.വി മാത്യു, റവ.റ്റി.വി തങ്കച്ചൻ എന്നിവർ നേതൃത്വം നൽകും.

## പുതിയ പ്രവർത്തനം

ഉലൈ (നവി മുംബൈ): ഉരാൻ എ.ജി സഭയുടെ ആഭിമുഖ്യത്തിൽ നവിമുംബൈയിലെ ഉലൈ സോൺ കേന്ദ്രമാക്കി പുതിയ സഭാപ്രവർത്തനം ആരംഭിച്ചു. ഭവന സന്ദർശനം, ലഘുലേഖാ വിതരണം, സണ്ടേസ്കൂൾ, ആരാധന, ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവ നടക്കുന്നു. പാസ്റ്റർ മോൻസി കെ വിളയിൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

## ഫെസ്റ്റിവൽ ഓഫ് ഡെലിവറൻസ്

ആൻമാൻ നിക്കോബാർ: ഐ.പി.സി വിംബർളി ഗഞ്ച് സഭയുടെ ആഭിമുഖ്യത്തിൽ വിടുതലിൻ മഹോത്സവം ഏപ്രിൽ 11-14 വരെ നടക്കും. പാസ്റ്റർ രാജു പൂവക്കാല, പാസ്റ്റർ ബിജു തോമസ് തുടങ്ങിയവർ പ്രസംഗിക്കും പാസ്റ്റർ ബിജു കണ്ണൂർ നേതൃത്വം നൽകുന്നു.


Pc.B.Sc. M.Sc. NURSING
FEW SEATS AVAILABLE
CALL @ 9947963438 9847170530
CAREER EDUCATION
WHERE EDUCATION HAS A NEW DIMENSION
AMPRAYIL BLDGS, YMCA JN.,T.K. ROAD
THIRUVALLA PH 0469-2620999, 2606002

# അറുന്നൂറ്റിയറുപത്താറോ ഫോബിയ



തോമസ് മുല്ലയ്ക്കൽ




ഏതെങ്കിലും പ്രത്യേക വസ്തുക്കളോടോ വസ്തുതകളോടോ അകാരണമായി തോന്നുന്ന ഭയത്തെ സൂചിപ്പിക്കുന്നതിനുള്ള ഗ്രീക്ക് പദമാണ് ഫോബിയ എന്നത്. വെള്ളത്തെ ഭയമുള്ള അവസ്ഥക്ക് ഹൈഡ്രോഫോബിയ എന്നാണെങ്കിൽ ഉയരത്തെ ഭയക്കുന്നത് അക്രോഫോബിയാ ആണ്. അതുപോലെ 666 എന്ന അക്കത്തെ ഭയപ്പെടുന്നതിന് ഉപയോഗിച്ചിരിക്കുന്ന പദമാണ് ഹെക്സാക്കോസിയേയി ഹെക്സക്കോന്റെ ഹെക്സാ ഫോബിയ (Hexakosioihexek ontahhexphobia) എന്നത്. മലയാളത്തിൽ വേണമെങ്കിൽ അറുന്നൂറ്റിയറുപത്താറോ ഫോബിയാ എന്ന് വിളിക്കാം.

വെളിപ്പാട് പുസ്തകം 13-ാം അദ്ധ്യായം 18-ാം വാക്യത്തിൽ ഇങ്ങനെ വായിക്കുന്നു "ബുദ്ധിയുള്ളവൻ മൃഗത്തിന്റെ സംഖ്യ ഗണിക്കട്ടെ, അത് ഒരു മനുഷ്യന്റെ സംഖ്യയത്രേ. അതിന്റെ സംഖ്യ അറുന്നൂറ്റിയറുപത്താറ്." പത്മോസ് ദ്വീപിൽ വച്ച് യോഹന്നാൻ അപ്പൊസ്തലന് ലഭിച്ച വെളിപ്പാട് (revelation) ക്രിസ്തീയ ലോകത്ത് ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്ന പുസ്തകമാണ്. ഭാവിയിൽ ക്രിസ്തുവിനും ദൈവജനത്തിനും സഭക്കും ലോകത്തിനും സാത്താനും കൂട്ടർക്കുമെല്ലാം ഭവിക്കുവാൻ പോകുന്ന സംഭവങ്ങളെ വിശദമായി ഇതിലുൾക്കൊള്ളിച്ചിട്ടുണ്ട്. മറ്റനേകം സംഭവങ്ങളുമായി തുലനം ചെയ്തു നോക്കിയാൽ താരതമ്യേന പ്രാധാന്യം കുറഞ്ഞ വിഷയമാണ് 666 എന്നത്. അഥവാ, ഇത് വളരെ പ്രാധാന്യമർഹിക്കുന്ന സംഗതിയാണെങ്കിൽത്തന്നെ മിക്ക പെന്തെക്കോസ്ത്/ക്രൈസ്തവ സഭകളുടെ വിശ്വാസമനുസരിച്ച് യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിന് ശേഷം മൂന്നര വർഷക്കാലത്തെ അന്തിക്രിസ്തുവിന്റെ യഹൂദനുമായുള്ള രമ്യതക്ക് ശേഷം, മഹോപദ്രവ കാലത്തിന്റെ ബാക്കി പകുതിയായ മൂന്നര വർഷക്കാലം മാത്രം പ്രാധാന്യമർഹിക്കുന്ന ഒരു സംഖ്യക്ക് എങ്ങനെ ക്രിസ്തീയലോകത്ത് ഇത്ര മുൻഗണന നൽകപ്പെട്ടു എന്നത് ചിന്തനീയമാണ്.

ഇന്ന് മിക്ക പ്രസംഗവേദികളിലും പത്രത്താളുകളിലും 666 നിറഞ്ഞു നില്ക്കുകയാണ്. ഒരു കാലത്ത് നമ്മുടെ കൺവൻഷനുകളിൽ ജനം കേട്ടിരുന്നത് ക്രിസ്തുവിന്റെ ക്രൂശീകരണവും വീണ്ടെടുപ്പുമായിരുന്നെങ്കിൽ, ഇന്ന് കേൾക്കുന്നത് മൃഗത്തിന്റെ സംഖ്യയും സമ്പന്നതയുടെ കണക്കുകളും മാത്രമാണ്. 666 ഒരു പുതിയ സംഭവമായാണ് ഇന്ന് അവതരിപ്പിക്കപ്പെടുന്നത്. എന്നാൽ നീറോ ചക്രവർത്തിയുടെ കാലം മുതൽ പ്രചാരമുണ്ടിതിന്. ആധുനികലോകത്ത് വിവിധ ലോകനേതാക്കളുടെ പേരുമായി ചേർത്ത് 666 ആരോപിക്കപ്പെട്ടിട്ടുണ്ട്. മുൻ യു.എസ്.പ്രസിഡന്റ് റൊണാൾഡ് വിത്സൻ റെയ്ഗന്റെ മൂന്നു പേരിലും ആറു വീതം അക്ഷരങ്ങളുണ്ടായിരുന്നതു കൊണ്ട് റെയ്ഗനാണ് ആന്റി ക്രൈസ്റ്റ് എന്ന് പ്രചാരമുണ്ടായിരുന്നു. ഗോർബ്ബച്ചേവും സദ്ദാം ഹുസൈനും ഇപ്പോഴത്തെ ഇറാൻ പ്രസിഡന്റ് അഹമ്മദിനിജാദ് വരെ ആ പട്ടികയിലുണ്ട്. പാശ്ചാത്യ ലോകത്തെ പല സഭകളും ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയെ പ്രസ്തുത സ്ഥാനത്ത് അവരോധിച്ചിരുന്നു. സാധനങ്ങളുടെ കവറിൽ രേഖപ്പെടുത്തിയിരിക്കുന്ന യു.പി.സി. കോഡും കമ്പ്യൂട്ടറിന്റെ പേരും തുടങ്ങി ധാരാളം സംഗതികളെ ഇതുമായി ചേർത്ത് ഗൗരവമായി പഠിപ്പിക്കുന്നുണ്ട്. ഇതിലെന്തെങ്കിലും യാഥാർത്ഥ്യമുണ്ടോ എന്ന് ചിന്തിക്കുന്നത് നല്ലതാണ്.

ലോകത്തിലെ ഒന്നാമത്തെ റീട്ടെയിൽ സ്ഥാപനത്തിലാണ് ഞാൻ ജോലി ചെയ്തിരുന്നത്. അഞ്ചു ലക്ഷത്തിൽപ്പരം സാധനങ്ങളാണ് വില്പനക്ക് വച്ചിരിക്കുന്നത്. അതിൽ 98% സാധനങ്ങൾക്കും യു.പി.സി.കോഡ് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രത്യേകം രേഖപ്പെടുത്തിയിരിക്കുന്ന കറുത്ത വരകൾക്ക് മുകളിലൂടെ സ്കാനർ കടന്നു പോകുമ്പോൾ പതിക്കുന്ന പ്രകാശ രശ്മികൾ വായിച്ചെടുക്കുന്ന വിവരങ്ങൾ സമാഹരിച്ചാണ് സാധനങ്ങൾ വില്ക്കുന്നത്. മിക്ക സാധനങ്ങളുടെ യു.പി.സി.കോഡിലും നേർത്തു നീളം കൂടിയ വരകളിൽ '6' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന '666' തന്നെയാണ് ഇത് എന്നുള്ള പഠിപ്പിക്കൽ അതേപടി ശരിയാണെന്നു തന്നെ ഇരിക്കട്ടെ! ഇത്തരം സംഗതികൾ വാദിക്കുന്നവരോട് ഒരു ചോദ്യം? "ഇത്ര സത്യമായി ബോദ്ധ്യപ്പെട്ടിട്ടും 666 രേഖപ്പെടുത്തിയിട്ടുള്ള ബാർ കോഡുകളുള്ള സാധനം എന്തിന് വാങ്ങുന്നു? അപ്പോൾ അത് പരോക്ഷമായി സാത്താനെ സഹായിക്കുകയല്ലേ? 'കഞ്ഞികുടി മുട്ടിക്കുന്ന' ഉത്തരമായതു കൊണ്ട് മൗനമാണ് വിദ്വാന് ഭൂഷണം.!"

രണ്ടാമത്, ഇംഗ്ലീഷ് പേരുകളിലെ അക്ഷരങ്ങൾക്ക് ഓരോന്നിനും ആറോ അതിന്റെ ഗുണിതങ്ങളോ നൽകുന്ന ടെക്നിക്! (എന്തു കൊണ്ട് അക്ഷരത്തിന് 'ആറ് എന്ന മൂല്യം' ലഭിച്ചു എന്ന് ചോദിക്കരുത്!) അങ്ങനെ കൂട്ടിയാൽ കമ്പ്യൂട്ടർ എന്ന പദത്തിന് 666 എന്ന തുക കിട്ടുമെന്നത് ശരി തന്നെ! അപ്പോൾ കമ്പ്യൂട്ടർ സാത്താന്റെ യന്ത്രമാണ് എന്നു വരും!(പറയാം) ഇത്ര വ്യക്തമായ തെളിവ് മുമ്പിൽ നില്ക്കെ, ഈ വാദത്തെ അംഗീകരിക്കുന്നവർ എന്തു കൊണ്ട് കമ്പ്യൂട്ടർ ഉപയോഗിക്കുന്നു? ഇനിയും മനസ്സിലാകാത്ത ആ ഭാഗം ഇതാണ്: വെളിപ്പാട് 13:18-ൽ പറയുന്നത്, "ബുദ്ധിയുള്ളവൻ മൃഗത്തിന്റെ സംഖ്യ ഗണിക്കട്ടെ, അതൊരു മനുഷ്യന്റെ സംഖ്യയത്രേ. അതിന്റെ സംഖ്യ 666." 'കമ്പ്യൂട്ടർ' മനുഷ്യനല്ല, ഒരു യന്ത്രമാണ് എന്ന് തിരിച്ചറിയുവാൻ ബുദ്ധി വേണമെന്നില്ല. 'ബോധം' മാത്രം മതിയാകും. കമ്പ്യൂട്ടർ എന്ന സാത്താന്റെ കുന്ത്രാണ്ടത്തിലൂടെ ഇന്ന് ലോകത്ത് എത്രായിരം ജനങ്ങൾ രഹസ്യമായി സുവിശേഷം അറിയുന്നുണ്ടെന്ന് എത്ര കണക്കുകൂട്ടലുകാർക്കറിയാം! കമ്പ്യൂട്ടർ വളരെ ഫലപ്രദമായി ഉപയോഗിക്കപ്പെടുന്ന മേഖലയാണ് സുവിശേഷീകരണം എന്ന് മറക്കാതിരിക്കട്ടെ!

വേറെ ചിലർ സാത്താനെയും ഡെവിളിനെയും ചേർത്തും മറ്റു ചിലർ ലൂസിഫറിനെയും ഹെല്ലും ചേർത്തുമൊക്കെ 666 സൃഷ്ടിക്കും. ഇങ്ങനെ കൂട്ടിയാൽ നമ്മുടെ പല പേരുകളും ഒടുവിലവിടെ എത്തിച്ചേരുവാൻ സാധ്യതയുണ്ട്. ഏതു മാനദണ്ഡം വച്ചാണ് ഇതൊക്കെ ചെയ്യുന്നതെന്നറിയില്ല. ലക്ഷ്യം ഒന്നു മാത്രമാണ്. കേൾവിക്കാരെയോ വായനക്കാരെയോ ഒന്നു ഞെട്ടിക്കുക!

ഇനിയും കുറച്ച് യാഥാർത്ഥ്യങ്ങളിലേക്ക് കടക്കാം. ഇന്നത്തെ പ്രശസ്തമായ പള്ളികളിലും ക്ഷേത്രങ്ങളിലുമൊക്കെ വില്പനക്ക് വച്ചിരിക്കുന്ന വിശുദ്ധ വസ്തുക്കൾ പ്രധാനമായും വിവിധ രൂപങ്ങളും പ്രതീകങ്ങളുമായിരിക്കും. ഇതൊക്കെ പണം മുടക്കി വാങ്ങി വീട്ടിലോ സ്ഥാപനത്തിലോ ഒക്കെ വച്ചാൽ ഭൂതപ്രേത പിശാചുക്കളുടെ ശല്യം ഒഴിഞ്ഞുകിട്ടുമെന്നാണ് ജനത്തെക്കൊണ്ട് സഭാ നേതൃത്വം തെറ്റിദ്ധരിപ്പിച്ചുവച്ചിരിക്കുന്നത്. ഒരു തരത്തിൽ പറഞ്ഞാൽ ഭയപ്പെടുത്തി വിശ്വാസികളെ വഞ്ചിക്കുക. യഥാർത്ഥ ദൈവത്തെ ആരാധിക്കുവാനോ ബൈബിൾ അനുശാസിക്കുന്നതുപോലെ ജീവിക്കാനോ പറഞ്ഞാൽ, പണച്ചിലവില്ലാത്തതാണെങ്കിലും കുറുക്കുവഴിയാണ് ജനത്തിന് താല്പര്യം. ദുഃഖത്തോടെ പറയട്ടെ, ഇതു തന്നെയാണ് നമ്മുടെയിടയിൽ, പ്രത്യേകിച്ച് പെന്തെക്കോസ്തരുടെ ഇടയിൽ സംഭവിച്ചിരിക്കുന്നത്. ക്രിസ്തുവിന്റെ രണ്ടാം വരവിന്റെ കാര്യം പറഞ്ഞാൽ ഇരുന്നുറങ്ങുന്ന അമ്മച്ചിയും 'അറുന്നൂറ്ററുപത്താറ്' എന്ന് മുഴുവൻ പറയുന്നതിന് മുമ്പ് ചാടി എഴുന്നേൽക്കും. ദശാംശം കൊടുക്കാത്ത അപ്പച്ചനെ ഭയപ്പെടുത്താൻ അന്തിക്രിസ്തു വരുന്നു എന്ന് പറഞ്ഞാൽ മതി. സാത്താൻ ഏദൻതോട്ടത്തിൽ ഹവ്വായോട് കാട്ടിയ ചതിയുടെ തനിയാവർത്തനമാണിത്. പ്രധാനപ്പെട്ടതായ വിഷയങ്ങളിൽ അപ്രധാനമായ സംഗതികളിലേക്ക് ശ്രദ്ധ പതറിച്ച് വിശ്വാസികളെ അന്യായമായി ഭയപ്പെടുത്തുക എന്ന തന്ത്രം. നമ്മുടെ പ്രത്യാശ ക്രിസ്തുവോ അതോ അന്തിക്രിസ്തുവോ?

ചില നാളുകൾക്ക് മുമ്പ് അമേരിക്കയിൽ പ്രസിദ്ധീകരിച്ച ഒരു സുവനീറിൽ ഒരു ലേഖനം വായിച്ചതോർക്കുന്നുണ്ട്. 'അരുത്, മുദ്രയേൽക്കരുത്!' എന്ന് തലക്കെട്ടിൽ രേഖപ്പെടുത്തിയിരിക്കുന്ന ലേഖനം എന്നെ അത്ഭുതപ്പെടുത്തിക്കളഞ്ഞു. "യേശുക്രിസ്തുവിന്റെ രണ്ടാം വരവിൽ കൈവിട്ടുപോയാൽ ഒരു കാരണവശാലും അന്തിക്രിസ്തുവിന്റെ മുദ്രയേൽക്കരുതെന്നാണ് അതിൽ പരാമർശിച്ചിരിക്കുന്നത്." വയറുവേദന മാറുവാൻ വേദനയില്ലാത്ത ഒരു കുത്തിവെപ്പ് മതിയെന്ന് സമ്മതിപ്പിച്ചിട്ട് നേഴ്സിന്റെ കയ്യിലിരിക്കുന്ന സൂചി കാണുമ്പോൾത്തന്നെ പ്രാണനും കൊണ്ടോടുന്ന രോഗിയോട് അനസ്തീഷ്യാ കൊടുക്കാതെ വയറു കീറി മുറിച്ചാൽ രക്ഷ പെടും എന്നു പറഞ്ഞാൽ അയാൾ സമ്മതിക്കുമോ ഇല്ലയോ? കർത്താവിന്റെ രണ്ടാം വരവിന് മുമ്പ് കർത്താവായ യേശുവിനെ സ്വീകരിക്കുന്നതും മഹോപദ്രവ കാലത്ത് കർത്താവിനെ സേവിക്കുന്നതും തമ്മിലുള്ള വ്യത്യാസത്തിന് പറയാവുന്ന ഏറ്റവും നിസ്സാരമായ ഉദാഹരണമാണിത്.

ഇന്ന് ക്രിസ്തുവിനെ ഹൃദയത്തിൽ സ്വീകരിക്കുവാൻ താരതമ്യേന പ്രയാസമില്ല. അതിനുള്ള ആഗ്രഹവും മനസ്സൊരുക്കവും അതിൻപ്രകാരം ജീവിക്കുവാനുള്ള സമർപ്പണവും മതി. എന്നാൽ മഹോപദ്രവ കാലത്ത് ഭൂലോകത്തിന്റെ അവസ്ഥ എങ്ങനെയെന്നറിയുവാൻ വെളിപ്പാട് പുസ്തകം ആറാം അദ്ധ്യായം മുതൽ 19 വരെ വായിച്ചാൽ മതിയാകും. ദൈവക്രോധത്തിന്റെ ചക്കിൽ ഭൂവാസികൾ വെന്തെരിയുന്നതോടൊപ്പം സാത്താന്റെ സർവ്വസംഹാര ഭീകര പ്രവർത്തനങ്ങളും അനുഭവിക്കേണ്ടി വരുമന്ന്. ചുരുക്കത്തിൽ ക്രിസ്തുവിന്റെ ഇനിയുള്ള രണ്ടാമത്തെ വരവിന് ശേഷം മഹോപദ്രവകാലത്ത് 666 എന്ന മുദ്രയേൽക്കാതെ രക്ഷിക്കപ്പെടുവാനാണ് ആരെങ്കിലും കാത്തിരിക്കുന്നതെങ്കിൽ അതുപോലൊരു മണ്ടത്തരം വേറെ ഉണ്ടാകാനില്ല. ദൈവമക്കളേ! വഞ്ചിക്കപ്പെട്ടു പോകരുത്. ദൈവവചനം കേൾക്കുവാനും, വിശ്വസിക്കുവാനും പ്രമാണിക്കുവാനും ഇന്നുള്ളതുപോലെയുള്ള സാഹചര്യവും അവസരവും കർത്താവിന്റെ വരവിന് ശേഷം ലഭിക്കും എന്ന് ആരും നമ്മെ തെറ്റിദ്ധരിപ്പിക്കാതിരിക്കട്ടെ! അക്കങ്ങളും ഗുണിതങ്ങളും സംഖ്യകളുമൊക്കെ നമുക്ക് മറക്കാം. അതൊക്കെ ശരിയായിരിക്കാം. തെറ്റുമായിരിക്കാം. എന്നാൽ വിശുദ്ധന്മാരെ ചേർക്കുവാൻ കർത്താവ് വരുന്നത് ഒരിക്കൽ മാത്രമാണ്. ആ കൂട്ടത്തിൽ രൂപാന്തരപ്പെട്ട് പറന്നു പോകാം. അതു മാത്രമാകട്ടെ നമ്മുടെ പ്രത്യാശ.


## ബൈബിൾ സൗജന്യം

ഇന്ത്യയിൽ വിവിധ സ്റ്റേറ്റുകളിൽ പ്രവർത്തിക്കുന്ന പ്രിയപ്പെട്ട ദൈവദാസന്മാരുടെ ശ്രദ്ധക്ക്:

ഇന്ത്യയിൽ എല്ലാ സ്റ്റേറ്റുകളിലുമുള്ള ഭാഷകളിലുള്ള ബൈബിളുകൾ, പുതിയ നിയമം, ട്രാക്റ്റുകൾ, എന്നിവ സൗജന്യമായി ഇവിടെ നിന്നും ലഭ്യമാണ്. മലയാളത്തിൽ ഇപ്പോഴുള്ള പത്ത് റ്റെറ്റിൽ ട്രാക്ടോടൊപ്പം ഇപ്പോൾ വന്നു ചേർന്ന സ്നാനം, മാനസാന്തരം, രോഗസൗഖ്യം, എന്നീ പ്രത്യേക വിഷയങ്ങൾക്കായി തയ്യാറാക്കിയിട്ടുള്ള (ആവശ്യക്കാരുടെ നിർബ്ബന്ധപ്രകാരം) ട്രാക്റ്റുകളും ലഭ്യമാണ്. നിങ്ങളുടെ വേലക്ക് ഇതാവശ്യമെങ്കിൽ നിങ്ങൾ ഇന്ന സ്ഥലത്ത് വേല ചെയ്യുന്നു എന്നതിന്റെ തെളിവുകളുമായി നേരിട്ട് വന്ന് വാങ്ങാവുന്നതാണ്.

**MAHANAYIM EVANGELISM**
Grace Complex, Pazhavandi P.O., Ranni, Kerala-689673
Phone: 9447212042



അനാഥ കുഞ്ഞുങ്ങൾക്ക് ഒരു അഭയം

## ബഥേസ്ദാ ലൈഫ് സെന്റർ, കല്ലിശ്ശേരി

*അഞ്ചിനും പത്തിനും ഇടയ്ക്ക് പ്രായമുള്ള അനാഥരും നിർധനരുമായ പെൺകുട്ടികൾക്ക് പ്രവേശനം നൽകുന്നതാണ്.*

*അപേക്ഷിക്കേണ്ട വിലാസം:*

**ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ്**
ബഥേസ്ദാ നഗർ, ചിങ്ങവനം പി.ഒ., കോട്ടയം-685 531
ഫോൺ നമ്പർ: 9745639988, 8547534264
email: binizachariah@yahoo.com



ADMISSION BOOKING STARTED 2013



MBBS, BDS, PHARM.D. ENGG.,
BBA -AVIATION , SPEECH & HEARING
RESPIRATORY THERAPY,
RENAL DIALYSIS, PC BSC NURSING,
PERFUSION TECHNOLOGY,
POLY TECHNIC, MSC NURSING

ഇന്ത്യയിലെ പ്രശസ്തമായ കോളേജുകളിൽ വളരെ മിതമായ ഫീസിൽ അഡ്മിഷൻ ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും കരിയർ കൗൺസിലിംഗിനും അഡ്മിഷനും ബന്ധപ്പെടുക.

വിശ്വാസികളാൽ നടത്തപ്പെടുന്ന വിശ്വസ്ത സ്ഥാപനം.

Call @ 9947963438
9847170530

CAREER EDUCATION
WHERE EDUCATION HAS A NEW DIMENSION

1st Floor, Amprayil Bldgs,
YMCA Jn. THIRUVALLA
Ph: 0469-2620999, 2606002




# ടെറ്റലസ്റ്റായ് 2013 ഉപവാസ പ്രാർത്ഥന



കൊച്ചി വൈറ്റില: പെട്രാഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ 'ടെറ്റലസ്റ്റായ് 2013' എന്ന പേരിൽ പതിനാലാമത് ഉപവാസ പ്രാർത്ഥന ഏപ്രിൽ 1 മുതൽ 21 ദിവസം നടക്കുന്നു. വൈറ്റില ബൈപ്പാസ് തൈക്കൂടം ജംഗ്ഷനിൽ പെട്രാ ടെന്റിൽ ദിവസവും രാവിലെ 10.30നും വൈകിട്ട് 6.30നുമായി ക്രമീകരിച്ചിരിക്കുന്ന ഉപവാസ പ്രാത്ഥന പെട്രാ ഫെലോഷിപ്പ് സീനിയർ ശുശ്രൂഷകൻ പാസ്റ്റർ റോയി നെറോണ ഉദ്ഘാടനം ചെയ്യും. ഉച്ചയ്ക്ക് 3ന് പ്രത്യേക പ്രാർത്ഥന സെഷനിൽ രാജ്യങ്ങൾക്കായും രോഗികൾക്കായി വിടുതൽ പ്രാത്ഥനയും ക്രമീകരിച്ചിരിക്കുന്നു.

ആഴമായ ബൈബിൾ പഠനം, കാത്തിരിപ്പ്യോഗം, വിടുതൽ ശുശ്രൂഷകൾ എന്നിവയുണ്ടായിരിക്കും. അഭിഷേകത്തിനായുള്ള പ്രാർത്ഥനയിൽ അഭിഷിക്തരായ ദൈവദാസന്മാർ ശുശ്രൂഷിക്കും. പ്രശസ്തരായ വർഷിപ്പ് ലീഡേഴ്സ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കും

# ഐ.പി.സി. രാജസ്ഥാൻ പാസ്റ്റേഴ്സ് കോൺഫ്രൻസ്







രാജസ്ഥാൻ: ഐ.പി.സി. രാജസ്ഥാൻ മിഷൻ സെന്റർ ശുശ്രൂഷക സമ്മേളനം ഏപ്രിൽ 3-5 വരെ ഐ.പി.സി. ബിക്കാനീർ സഭയുടെ നേതൃത്വത്തിൽ നടക്കും. സ്റ്റേറ്റ് കോ-ഓർഡിനേറ്റർ പാസ്റ്റർ ജോർജ്ജ് സി. വർഗീസ് ഉദ്ഘാടനം ചെയ്യുന്ന സമ്മേളനത്തിൽ ഐ.പി.സി. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ, പാസ്റ്റർ ജോൺ ടി.മാത്യു, എന്നിവർ മുഖ്യാതിഥികളായിരിക്കും.

ഏപ്രിൽ 5-ന് നടക്കുന്ന സമാപന സമ്മേളനത്തിൽ രാജസ്ഥാൻ ബൈബിൾ ട്രെയിനിംഗ് സെന്ററിൽ 2012-2013 ൽ അദ്ധ്യയനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ഗ്രാജുവേഷനും, സ്റ്റേറ്റ് സോദരീസമാജത്തിന്റ വകയായി ലോക്കൽ സ്കൂളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട നിർദ്ധനരായ സഹോദരിമാർക്ക് തയ്യൽ മെഷീനുകളും, സ്റ്റേറ്റ് പി.വൈ.പി.എ.യുടെ നേതൃത്വത്തിൽ സ്കൂൾ കിറ്റുകളും വിതരണം ചെയ്യുന്നതുമായിരിക്കും.

# റേമാ ബൈബിൾ കോളജ് ബിരുദദാന സമ്മേളനം

പാലക്കാട്: മിസ്പാ ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന റേമാ ബൈബിൾ കോളജിന്റെ 8-ാമത് ബിരുദദാന സമ്മേളനവും മിസ്പാ ടെയിലറിംഗ് സ്കൂൾ വാർഷികവും ഏപ്രിൽ 10-ന് ബുധനാഴ്ച വൈകുന്നേരം 5 മണി മുതൽ മിസ്പാ സെന്ററിൽ നടക്കും. കെ.അച്ചുതൻ (എം.എൽ.എ.ചിറ്റൂർ), ഡോ.ജോൺ കെ.മാത്യു, (വോയ്സ് പ്രിൻസിപ്പാൾ ഐ.ബി.സി, കുമ്പനാട്), റവ. റോയ് ചെറിയാൻ (സ്ഥാപക പ്രസിഡന്റ് & പ്രിൻസിപ്പാൾ റേമാ ബൈബിൾ കോളജ്, അരിസോണ) എന്നിവർ മുഖ്യാതിഥികളായിരിക്കും.



*റവ.റോയ് ചെറിയാൻ*



*ഡോ.ജോൺ കെ.മാത്യു*

## ബൈബിൾ കൺവൻഷനും

ആലപ്പുഴ: കാട്ടൂർ അസംബ്ലിസ് ഓഫ് ഗോഡ് ചർച്ച് മൂന്നാമത് ബൈബിൾ കൺവൻഷനും ക്രിസ്തീയ ബോധവത്ക്കരണവും ഏപ്രിൽ 18-20 വരെ കാട്ടൂർ കോളജ് ജംഗ്ഷനിൽ നടക്കും. പാസ്റ്റർ കെ.രാജൻ ഉദ്ഘാടനം നിർവ്വഹിക്കുന്ന യോഗത്തിൽ റവ.ടി.ജെ. ശാമുവേൽ, റവ.ക്രിസ്പിൻ കൊച്ചിക്കാരൻ, പാസ്റ്റർ ജയിംസ് എം.പോൾ എന്നിവർ പ്രസംഗിക്കും. പാസ്റ്റർ ലാലു പാപ്പച്ചൻ നേതൃത്വം കൊടുക്കുന്നു.









# BETHEL BANGALORE

www.BethelAGIndia.org



## LEADERSHIP SEMINAR

*with* **Rev. Dr. M A Varughese**
**Senior Pastor**
(മറ്റു കർത്തൃദാസന്മാരും ശുശ്രൂഷിക്കുന്നു)

**8 to 13 APRIL 2013** Register Today! Food & Accommodation will be provided

Vision Casting, Power Impartation, Bible Study

ലക്ഷ്യം:
ഭാരതത്തിന്റെ ഉണർവ്വിനും ഈ തലമുറയുടെ സുവിശേഷീകരണത്തിനുമായി വിളിയും തെരഞ്ഞെടുപ്പുമുള്ള ശുശ്രൂഷകരെ ഒരുക്കുക
(പ്രത്യേകിച്ച് ഉത്തരഭാരതത്തിൽ ശുശ്രൂഷയിൽ നില്ക്കുന്നവർക്ക് മുൻ ഗണന)

**Bethel AG Church**
Ring Road, Hebbal, Bangalore 24

Reg. fee Rs. 200/-

Contact: 080 68888880 pastor@BethelAGIndia.org



# SOUL WINNERS INDIA
## Bethel Bible College

[Affiliated to IATA & Called To All Nations Ministries (USA) ]

**GREAT OPPORTUNITY FOR NORTH INDIAN MINISTRY !**



Rev. K.G Easo
Founder and Director

| Course Offered | Duration | Qualification |
|---|---|---|
| 1. Certificate in Theology (C.th) | 1 year | 10th class |
| 2. Diploma in Theology (Dip.Th) | 2 Year | 10th class |
| 3. Bachelor of Theology (B.Th) | 3 year | Plus Two Pass |

Medium instruction Local Language + English


**OUR FEATURES** • High qualified, experienced and committed faculty • Growing library • Spacious and neat dormitory • Calm and quit campus with spiritual atmosphere • Daily spiritual activities • Free accommodation, Food and study materials • Weekend outreach ministries to the nearby cities.




*For more information and application write to:*

The Registrar, SWI Bethel Bible College, Surana Nagar, Barwaha, MP, Pin: 451115, Phone: 07280-222592, 09981571723, 09926702063.

The registrar SWI Bethel bible college, Arannottimangalam P.O, Mavelikara, Alappuzha Dist, Kerala Pin: 690110,
Phone : 0479-2356706, 2357050, 09495439140, 09847546700, 09497010138




**റവ: കെ. ജി ഈശോയുടെ ആത്മകഥ**

സോൾ വിന്നേഴ്സ് ഇൻഡ്യാ സ്ഥാപകനും ഡയറക്ടറുമായ റവ: കെ.ജി ഈശോയുടെ സംഭവബഹുലവും 47 വർഷത്തെ വടക്കേ ഇൻഡ്യൻ സുവിശേഷികരണ അനുഭവങ്ങളും അടങ്ങിയ 'എന്റെ ജീവിതയാത്ര' എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു. കേവലം ആത്മകഥ എന്നതിലുപരി സോൾ വിന്നേഴ്സ് ഇൻഡ്യയുടെ ഒരു ചരിത്രഗ്രന്ഥം കൂടിയാണ്.

**കോപ്പികൾ ആവശ്യമുള്ളവർ ബന്ധപ്പെടുക.**
Ph: 07280222592, 09981571723, 09497010138. e- mail ID : kg.easo@gmail.com



2013 Bless Angamaly

ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ അങ്കമാലി ഏരിയ കൺവെൻഷൻ

# സുവിശേഷ മഹായോഗവും സംഗീത വിരുന്നും



**2013 ഏപ്രിൽ 4 വ്യാഴം മുതൽ 6 ശനി വരെ**
(ദിവസവും വൈകിട്ട് 5.30 മുതൽ 8.30 വരെ)
(7 ഞായർ 10 a.m. to 1 p.m. വരെ സംയുക്ത ആരാധന)

**സ്ഥലം : കിങ്ങിണി ഗ്രൗണ്ട് – അങ്കമാലി**

**ഉദ്ഘാടനം : റവ. റോയി ജോർജ്ജ് (ഷാർജ)**

**പ്രസംഗകർ**
- റവ. ഡോ. കെ.സി.ജോൺ (IPC, ജനറൽ സെക്രട്ടറി & പവ്വർ വിഷൻ ചാനൽ ചെയർമാൻ)
- റവ. ഫിലിപ്പ് പി. തോമസ് (IPC, കേരള സ്റ്റേറ്റ് സെക്രട്ടറി)
- റവ. വിൽസൺ ജോസഫ് (U.A.E. റീജിയൻ പ്രസിഡന്റ്)
- റവ. തോമസ് ഫിലിപ്പ് (വെൺമണി)
- റവ. വർഗീസ് എബ്രഹാം (രാജു മേത്ര, റാന്നി)
- റവ. ജോൺസൺ ജോസഫ് (എറണാകുളം)

ആത്മീയ അനുഗ്രഹത്തിന്റെ മൂന്നു സന്ധ്യകൾ...

**സംഗീതശുശ്രൂഷ**
**വോയ്സ് ഓഫ് ഷെക്കേന**
**കോതമംഗലം**

IPC അങ്കമാലി ഏരിയായ്ക്കുവേണ്ടി,

Pr: ജോൺസ് ജോർജ്ജ്
സെക്രട്ടറി

Pr: എൻ. രാജൻ ചുനക്കര
കോ-ഓഡിനേറ്റർ



# GILGAL BIBLE INSTITUTE

**Pallippad P.O., Haripad, Aleppey (D)**

COURSES:

**B.Th, G.Th., C.Th.**

Affiliated in IPC & IATA



Director
**Pr. Joy Geevarghese**
(IPC Malappuram Area Pastor)



President
**Pr. Abraham Philipose**
(IPC Ottapalam area Pastor)

**അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു ഏപ്രിൽ 3-ാം തീയതി ക്ലാസ്സുകൾ ആരംഭിക്കുന്നു.**




For more details
Registrar, Gilgal Bible Institute
Pallippad P.O., Haripad, Aleppey (D), Kerala 690512
Ph: 0479-2409930, 2406458, 9446509630
E-mail: pastorgheevarghese@rediffmail
www.ipcprayercenter.org



Submit to God to SHARPEN
and FASHION you for the great purpose
He has in mind for you;
**A beautiful and serene campus awaits you...**

PROGRAMMES ARE ACCREDITED BY ATA

| Programmes | Medium | Duration | Qualification |
|---|---|---|---|
| MASTER OF DIVINITY | English | 2 Years | B.Th (ATA) |
| | | 3 Years | Degree (UGC) |
| M.Div (Distance) | English | 3 Years | B.Th/Degree |
| BACHELOR OF THEOLOGY | English | 3 Years | +2/ Equivalent |
| DIPLOMA IN THEOLOGY | Mal & Eng | 2 Years | SSLC |
| GRADUATE IN THEOLOGY | Malayalam | 3 Year | SSLC |
| CERTIFICATE IN THEOLOGY | Malayalam | 1 Year | SSLC |

(G.Th & C.Th are EBC Programmes)

ATA Accredited Programmes · Qualified and Experienced Faculty · Spiritual and Academic Exposure · Inter-State Mission Opportunities · Spacious and Quiet Campus · Automated Library · State-of-the-art Infrastructure

**Ebenezer Bible College**
ENTRUSTING THE WORD TO FAITHFUL MEN

Poozhikol P.O., Kaduthuruthy, Kottayam-686604. | E-mail:mailebc@gmail.com
www.ebenezerbiblecollege.org | PH: 9496 177133, 9447 400677, 9447401025

Celebrating 45 Years of God's Faithfulness!

# A C A SEMINARY
## KOTTAYAM

**Governed by: APOSTOLIC CHURCHES ALLIANCE**
**(Regn.No.IV 407/08, Trivandrum)**




**Announcing the commencement of its second batch in April, 2013**

## MASTER OF DIVINITY (M.Div)

ATA accredited Degree in association with Global School of Open Learning/Southern Asia Bible College, Bangalore)
**Admission Eligibility:** • Have a recognized secular Degree (BA/B.Sc/B.Com/B.B.A. etc.,) OR have a second class in an A.T.A.accredited B.Th program or a Three year B.Th program from a recognized institution. • Be at least 20 years of age, with basic bible knowledge. •Must have a Christian Testimony. • Mature candidates who are above 30 years of age with two or more years of ministry experience and proficiency in English also apply. •**Medium English** • **Duration: Three years**
• Course material will be provided to every student at the commencement of each seminary. • Annual/Monthly Seminars of M.Div course will be held at Kottayam Centre • For Prospectus and application and please write or call or SMS your address of Kottayam address/Mob No.9400316647 • Send your applications to Kottayam office or submit in person at the nearest contact centre on or before 25-06-2013

**Enquiry regarding M.Div Course**
**Rev.Augustine K.Thomas**
**@Head Office, Kottayam Ph:9400316647**

## Bachelor of Theology (B.Th)

(Degree Offered by the ACA Seminary)
**അഡ്മിഷൻ യോഗ്യത** • പ്ലസ് ടു പാസ് • അടിസ്ഥാന ബൈബിൾ പരിജ്ഞാനം OR 25 വയസ് തികഞ്ഞ സഭാ ശുശ്രൂഷകർ **കാലദൈർഘ്യം:** രണ്ടു വർഷം **മീഡിയം:** മലയാളം, ഇംഗ്ലീഷ്
• അഞ്ചു സെന്ററുകളിലായി മാസം തോറുമുള്ള കോൺട്രാക്ട് ക്ലാസുകൾ • ഓരോ വിദ്യാർത്ഥിക്കും സരളമായ സ്റ്റഡി നോട്ടുകൾ

*Those who opt for English medium must have reaonable proficiency in English. Separate class for English will be announced after the first contact class in April*

**FOR ENQUIRY REGARDING B.TH & M.TH:**
**Trivandrum Centre:** Rev.Rincy V.Cherian, Ph: 9447427796 @Life Fellowship, Tilak Nagar, Parottukonam, Nalanchira **Tiruvalla Centre:** Rev.Biju Samuel, Ph: 9961225181 @House of Glory, Near YWCA/ Municipal Ground **Kottayam Centre:** Rev.Binu John, Ph: 9495445917 @Grace Chapel Hall, above NCC Office, Sastri Road **Ernakulam Centre:** Rev.K.M.Paulose, Ph: 9447815442 @Rapha Believer's Church Hall, Nr.Vyapara Bhavan, Kakkanadu **Trissur Centre:** Rev.Joseph Daniel, Ph: 9745803106 @ Malabar Christian Assembly, opp.Erudites Intl.School, Paravattani (Please call contact persons at the nearest study centre)

## MASTER OF THEOLOGY (M.Th)

*(Degree Offered by the ACA Seminary)*
**Admission Eligibility:**• Bachelor Degree in Theology (B.D/B.Th) • Ministry Experience (Minimum Two Years) • Reasonable Proficiency in English. **MEDIUM:** English **DURATION:** Two Years
***M.Th contact classes will be held once in two months @Kottayam Centre.***

**Admission Requirement (For all Courses)**
• Filled in Application form • 4 Passport size colour photos • Copy of Passport or Driving Licence • Copy of Degrees-Theological/Secular • Testimony, attested by Church Pastor •Admission fee+Coaching fee (First Instalment)

**Class schedule 2013 will be given to the students at the inaugural contact class.**

| DATE | CENTRE | COURSE |
|---|---|---|
| 4th April (Thu) | Trivandrum | B.Th (Mal) |
| 6th April (Sat) | Tiruvalla | B.Th (Mal) |
| 13th April (Sat) | Kottayam | B.Th (Mal) |
| 20th April (Sat) | Ernakulam | B.Th (Mal) |
| 25th April (Thu) | Trissur | B.Th (Mal) |
| 27th April (Sat) | Kottayam | M.Th (Eng) |
| 25th-27th June | Kottayam | M.Div (ATA-ENG) |

**• Classes are conducted at five centres in Kerala. • Out Station learners can study through correspondence • Study notes are provided to leaners • Contact study centres nearest to your place**

**PRINCIPAL, ACA SEMINARY, G-1, Reliable Guest House, Behind Mammen Mappillai Hall, K.K.Road, Kottayam, Kerala-686 001, PH:+91-481-2560052 email: acaseminary@gmail.com**

33 വർഷമായി കൊയ്ത്തുകാരെ (മത്തായി 9:37, ലൂക്കോസ് 10:2) പരിശീലിപ്പിക്കുന്ന ഒരു ഉത്തമ സ്ഥാപനം

# പെനിയേൽ ബൈബിൾ സെമിനാരി & മിഷനറി ട്രെയ്നിംഗ് സെൻറർ

## കീഴില്ലം, എറണാകുളം-683 541, കേരളം

**M.Div., B.Th. & Dip.Th. ARE ACCREDITED BY ASIA THEOLOGICAL ASSOCIATION (ATA)**

**ഇൻറർവ്യൂന് ക്ഷണിക്കുന്നു. തീയതി: മാർച്ച് 4, 26, ഏപ്രിൽ 9, 23, മെയ് 6**

| കോഴ്സുകൾ | വർഷം | യോഗ്യത |
|---|---|---|
| M. Div. (ഇംഗ്ലീഷ്) | 3 | B.A/B.Sc./B.Com./Equivalent |
| M. Div.(ഇംഗ്ലീഷ്) | 2 | B. Th (ATA)/ Equivalent |
| M.B.S. (ഇംഗ്ലീഷ്) | 2 | Able to study in English |
| B. Th. (ഇംഗ്ലീഷ്) | 3 | PDC/PUC/+2 Pass/Dip.Th(ATA) |
| B.B.S. (ഇംഗ്ലീഷ്) | 3 | Able to study in English |
| Dip.Th. (ഇംഗ്ലീഷ് / മലയാളം) | 2/3 | +2 Pass/ Equivalent |
| Dip.B.S. (ഇംഗ്ലീഷ് / മലയാളം) | 3 | Special Candidates |
| Certificate (ഇംഗ്ലീഷ് / മലയാളം) | 1 | |

ക്ലാസ്സുകൾ 2013 മെയിൽ ആരംഭിക്കുന്നു



- വിവാഹിതർക്ക് കുടുംബമായി (കുട്ടികളുള്ളവർക്കും) ഒരുമിച്ച് താമസിച്ച് പഠിക്കുന്നതിനുള്ള സൗകര്യം (ഫാമിലി ക്വാർട്ടേഴ്സ്)
- മികച്ച ആത്മീക അന്തരീക്ഷത്തിൽ വേദശാസ്ത്ര പഠനവും പ്രായോഗിക പരിശീലനവും.
- ആത്മീക അനുഭവ സമ്പന്നരും ബിരുദധാരികളുമായ അദ്ധ്യാപകർ.
- വിപുലമായ ലൈബ്രറി സൗകര്യം
- പെനിയേലിലെ പൂർവ്വവിദ്യാർത്ഥികൾ ഐ.പി.സി., എ.ജി., ചർച്ച് ഓഫ് ഗോഡ്, ന്യൂ ഇന്ത്യ ബൈബിൾ ചർച്ച് ആദിയായ സഭാ പ്രവർത്തനങ്ങളിലും ഒ.എം., എച്ച്.എം.ഐ., ട്രൈബൽ മിഷൻ, ക്യാംമ്പസ് ക്രൂസേഡ്, എവരി ഹാം ഫോർ ക്രൈസ്റ്റ്, ഗ്ലോബൽ ഡിസൈപ്പിൾസ് തുടങ്ങിയ മിഷനറി സംഘടനകളിലും ഇന്ത്യയിലും വിദേശരാജ്യങ്ങളിലും കർതൃശുശ്രൂഷയിൽ പ്രയോജനപ്പെടുന്നു.
- സഭാവ്യത്യാസം ഇല്ലാതെ അർഹതയുള്ളവർക്ക് വർക്ക് സ്കോളർഷിപ്പോടെ പഠിക്കാൻ അവസരം.



പ്രോസ്പെക്റ്റസിനും അപേക്ഷാഫോറത്തിനും 50 രൂപ മണി ഓർഡർ അയയ്ക്കുക.

പെനിയേൽ ബൈബിൾ സെമിനാരി, കീഴില്ലം പി. ഒ., എറണാകുളം-683 541

വഴി വിവരം: മൂവാറ്റുപുഴ-പെരുമ്പാവൂർ K.S.R.T.C.റൂട്ടിൽ (എം.സി.റോഡ്) കീഴില്ലം മെയിൻ കനാൽ സ്റ്റോപ്പ്

ഫോൺ–0484 2653070, 2654775, 09847703939 Email: pbskeezhillam@yahoo.com

മറ്റു ശുശ്രൂഷകൾ : • പെനിയേൽ അക്കാഡമി (CBSE) • പെനിയേൽ ചിൽഡ്രൻസ്ഹോം • ഗുഡ്ന്യൂസ്കൺവൻഷൻ • പെനിയേൽ വോയ്സ് • ഫിലിം മിനിസ്ട്രി



# BETHEL MEDICAL MISSION & HOSMAT HOSPITAL EDUCATIONAL GROUPS

"Fear of the Lord is the beginning of wisdom"

## INDIA'S NO. 6th & BANGALORE'S No.1 NEURO & ORTHO RESEARCH HOSPITAL & ISO 9001-2000 Certified

(Recognised by Govt. of India & Karnataka) IAP,

Affiliated to Rajiv Gandhi University of Health Science (RGUHS) Approved by Karnataka Nursing Council (KNC) and Indian Nursing Council (INC) No.18-15/2335-INC. 18-15/4075-(INC)

HOSMAT HOSPITAL IS ASSOCIATED WITH SPORTS ACADEMIC OF INDIA (KARNATAKA REGION)

**കുടുംബാന്തരീക്ഷത്തിലുള്ള പഠനം. ആത്മീയ അന്തരീക്ഷം**

നഴ്സാകുക.. നാടിനും വീടിനും വെളിച്ചമാകുക

- കുറഞ്ഞ ചിലവിൽ മികച്ച പഠനം.
- Clinical Practise - ന് സ്വന്തമായി ആശുപത്രി
- കുടുംബഅന്തരീക്ഷവും 100 % സുരക്ഷിതത്വവും
- ഏത് സമയത്തും ചെയർമാനെ ഫോണിൽ വിളിച്ച് കുട്ടികളുടെ കാര്യം അന്വേഷിക്കാം.
- പഠിക്കാൻ സമർത്ഥരും നിർദ്ധനരുമായ കുട്ടികളുടെ ഫീസിന്റെ നല്ലൊരു ഭാഗം Bethel Medical Service - സ്പോൺസർ ചെയ്യുന്നു.

**Courses Offered**

B.Sc. Nursing, Physiotherapy, BMIT (CT / MRI Scan)

B.Sc. OTT (Operation Theater Technology)

PC B.Sc. (BN), M.Sc. Nursing & MPT



For Admission Contact :

**Dr. Pr. Sunny .D.,**

President

Mob.:88 6151 7777, 937 999 7777

www.bethelmedicalservices.org.bethelsunny@gmail.com

Pastor Dr. Sunny Daniel and Liya Sunny lighted the lives of several thousand young people in India in their various institutions under Bethel Medical Mission and Hosmat Hospital Educational Institutes Groups. They educate the students not only in their professions but also in Spiritual experiences. Bethel Medical Mission and Hosmat Hospital Educational Institutes Groups managed by this blessed couple are working together as an extended family. They always treat each student as special.

May God enlarge their boundaries and bless them abundantly in the days to come.

Rev. Dr. K.C. John (IPC General President, Power Vision Chairman)

**GOOD RESULT, SPIRITUAL & HOMELY ATMOSPHERE. 100% PLACEMENT & SAFETY INSTITUTION"**






## യാത്രയായി

### സുവി.വൈ.ജോർജ് (78)



ഏനാത്ത്: ഐ.പി.സി ഷാർജാ വർഷിപ്പ് സെന്റർ അസിസ്റ്റന്റ് പാസ്റ്റർ റോയി ജോർജ്ജിന്റെ പിതാവും കിഴക്കുപുറം ഐ.പി.സി ശാലേം സഭാംഗമായ കൊച്ചുകളീക്കൽ സുവി.വൈ. ജോർജ് (78) ഫെബ്രുവരി 7ന് നിര്യാതനായി. വയല ഗവ.യു.പി സ്കൂളിൽ പ്രധാന അധ്യപകനായി വിരമിച്ച ശേഷം മണക്കാല ഫെയ്ത്ത് തിയോളജിക്കൽ സെമിനാരിയിൽ നിന്ന് വേദശാസ്ത്ര ബിരുദം നേടി. സുവിശേഷീകരണത്തിന് വേണ്ടി അത്യദ്ധ്വാനം ചെയ്ത വ്യക്തിയായിരുന്നു. ഇദ്ദേഹം സണ്ടേസ്കൂൾ അധ്യാപകൻ, സഭാ സെക്രട്ടറി, വൈസ് പ്രസിഡന്റ് എന്നീ നിലകളിലും തട്ടാരുപടി യു.പി.എഫ് കൺവീനർ, എച്ച്.എം.ഐ ഏരിയാ സെക്രട്ടറി, കോ-ഓർഡിനേറ്റർ എന്നീ നിലകളിലും കർമ്മനിരതനായിരുന്നു. സംസ്ക്കാരം ഫെബ്രുവരി 11ന് നടന്നു. ഭാര്യ: തങ്കമ്മ. മക്കൾ: പാസ്റ്റർ റോയി ജോർജ് - സുനി (ഷാർജ), റൂബി - മാമ്മൻ മാത്യു, രഞ്ചു - ജിനു രഞ്ചു

### തോമസ് ചാക്കോ (രാജു-62)



ന്യൂയോർക്ക്: കുറിയന്നൂർ തെക്കേൽ തോമസ് ടി ചാക്കോ (രാജു -62) ന്യൂയോർക്കിൽ നിര്യാതനായി. ഭാര്യ സാറാമ്മ തോമസ് ചെങ്ങന്നൂർ കാർത്തികപ്പള്ളി പീടികയിൽ കുടുംബാംഗമാണ്. സംസ്ക്കാര ശുശ്രൂഷ 18ന് എലീം ഫുൾ ഗോസ്പൽ അസംബ്ലി സഭയുടെ ചുമതലയിൽ നടന്നു. മകൾ: റിൻസി (ന്യൂയോർക്ക്). മരുമകൻ: സോജി കറുകയിൽ (ഏഷ്യനെറ്റ് യു.എസ്.എ). കൊച്ചുമക്കൾ: അഹന, അലന. അന്നമ്മ ജേക്കബ്, കുഞ്ഞൂഞ്ഞമ്മ മാത്യു, റോസമ്മ തോമസ്, എൽസി ജോസഫ്, ജെസി വർഗീസ്, ടി.സി തമ്പാൻ എന്നിവർ സഹോദരങ്ങളാണ്.

### പാസ്റ്റർ വി.യു ശമുവേൽ (83)



റാന്നി: ഐ.പി.സി റാന്നി ഈസ്റ്റ് അസോസിയേറ്റ് സെന്റർ പാസ്റ്ററും മങ്കുഴി വടക്കേമുറിയിൽ കുടുംബാംഗവുമായ പാസ്റ്റർ വി.യു ശമുവേൽ (83) മാർച്ച് 15ന് നിര്യാതനായി. റാന്നി ഈസ്റ്റ് ഡിസ്ട്രിക്റ്റിൽ പ്ലാച്ചേരി, കുടമുരുട്ടി, മുക്കാലുമൺ, ചേത്തയ്ക്കൽ, വൈക്കം, പഴയിടം, ഉതിമൂട്, കൂനംകര തുടങ്ങിയ സഭകളിൽ ശുശ്രൂഷിച്ചു. ഡിസ്ട്രിക്റ്റ് ജോ.സെക്രട്ടറി, വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ ദീർഘവർഷങ്ങൾ സേവനമനുഷ്ഠിച്ചിട്ടുണ്ട്. സംസ്ക്കാരം മാർച്ച് 18ന് നടന്നു. ഭാര്യ: തോട്ടഭാഗം തൈക്കൂടത്തിൽ തങ്കമ്മ

മക്കൾ: പരേതനായ ജോസ് - മേഴ്സി, വി.എസ് ഏബ്രഹാം - ലിസി, അന്നാമ്മ - രമേഷ്, കുഞ്ഞൂഞ്ഞമ്മ - ബാബു, ഇവാ.ജയിംസ്കുട്ടി - മേഴ്സ്, ആലീസ് - അനിയൻ, സൂസൻ - സജി.

### ആനി ജോർജ്ജ് (67)



ഭോപ്പാൽ: മധ്യപ്രദേശ് ഭോപ്പാൽ ഐ.പി.സി.ബഥേൽ റ്റി.റ്റി.നഗർ സഭാംഗം ആനി ജോർജ്ജ് (67) മാർച്ച് 9-ന് നിര്യാതയായി. സംസ്ക്കാരം മാർച്ച് 11-ന് പ്രൊട്ടസ്റ്റന്റ് സെമിത്തേരിയിൽ പാസ്റ്റർ വർഗീസ് മാത്യു ഐ.പി.സി. സ്റ്റേറ്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നടത്തി. പാസ്റ്റർ മാത്യു യോഹന്നാൻ അനുശോചനം അറിയിച്ചു. പാസ്റ്റർമാരായ പി.വി.ജോൺ, മാത്യു ജോൺ, സി.പി.മാത്യു, ഉണ്ണിട്ടൻ, എം.സി.ഏബ്രഹാം, ജോസ്കുട്ടി തുടങ്ങിയവർ ശുശ്രൂഷയിൽ സഹായിച്ചു. പരേതനായ ജോർജ്ജ് ജോസഫിന്റെ സഹധർമ്മിണിയും ലിറ്റിൽ കോഫി ഹൗസ് ഉടമയും ആണ്. മക്കൾ: പരേതനായ സുനിൽ ജോർജ്ജ്-മോളി ജോർജ്ജ്, സന്തോഷ് ജോർജ്ജ്, ഷൈനു ജോർജ്ജ്

## പി.വൈ.പി.എ ഈസ്റ്റേൺ റീജിയൻ കൺവൻഷൻ

ന്യൂയോർക്ക്: പി.വൈ.പി.എ ഈസ്റ്റേൺ റീജിയൻ കൺവൻഷനും സംയുക്ത ആരാധനയും ഏപ്രിൽ 6,7 തീയതികളിൽ ന്യൂജേഴ്സി ഹാക്കൻസാക്കിലുള്ള ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലി സഭാ ഹാളിൽ നടക്കും. കിംഗ്ഡം ജനറേഷൻ മിനിസ്ട്രീസ് സ്ഥാപകനും അന്തർദേശീയ സുവിശേഷ പ്രഭാഷകനുമായ റവ.മൈക്കിൾ മാത്യു മുഖ്യപ്രഭാഷണം നടത്തും. പി.വൈ.പി.എ ഈസ്റ്റേൺ റീജിയൻ ക്വയർ ഗാനശുശ്രൂഷകൾക്ക് നേതൃത്വം നൽകുമെന്ന് പ്രസിഡന്റ് പ്രിൻസൺ ഏബ്രഹാം അറിയിച്ചു.


**ആവശ്യമുണ്ട്**

കുഞ്ഞുങ്ങളെ താമസിപ്പിച്ച് പഠിപ്പിക്കുവാൻ ആഗ്രഹിക്കുന്ന നിർദ്ധനരായ മാതാപിതാക്കൾ വിളിക്കുക (താമസവും ഭക്ഷണവും സൗജന്യം). സ്റ്റാഫിനേയും ആവശ്യമുണ്ട്.

**ഷെപ്പേർഡ് ചിൽഡ്രൻസ് ഹോം**
പുതുവേലി പി.ഒ, മോനിപ്പള്ളി വഴി
കോട്ടയം – 686 636
Ph: 04822 - 244101



**ഇത്രത്തോളം കൊണ്ടുവന്ന ദൈവത്തിന് സ്തോത്രം.**

നിങ്ങൾക്ക് പുതിയ പോളിസി എടുക്കുന്നതിനും,
നിങ്ങളുടെ പണം സുരക്ഷിതമായി
നിക്ഷേപിക്കുന്നതിനും ഞങ്ങൾ നിങ്ങളെ സഹായിക്കാം.







**C.G. സാംകുട്ടി & സാറാമ്മ സാംകുട്ടി**
Chief Life Insurance Advisors.
Corporate Club Member, Chairman's Club Member

**തൊഴിലവസരം**

ഇന്ത്യയിലെ എല്ലാ സ്ഥലങ്ങളിൽ നിന്നും LIC ഇൻഷ്വറൻസ് അഡ്വൈസർമാരെ ആവശ്യമുണ്ട്. കുറഞ്ഞ യോഗ്യത SSLC പാസ്സ്. മാന്യമായ സ്ഥിര വരുമാനം സമ്പാദിക്കാം. ഉടൻ ഞങ്ങളുമായി ബന്ധപ്പെടുക. ഇന്ത്യയിലെ എല്ലാ LIC ബ്രാഞ്ചുകളിലെയും പ്രീമിയം പോളിസികൾ ഞങ്ങളുടെ ഓഫീസിൽ കൂടി അടക്കുവാൻ അവസരം.

OFFICE: LIC of India, Jeevan Jyothi
Policy Service Centre, Unity Tower
Opp. Pvt.Bus Stand, Pulamon, Kottarakkara
Ph: 9447192916, 9446185886, 04734-212916
sarammasamkutty@yahoo.com

ഗിൽഗാൽ ജെംഭവൻ, ഏനാത്ത് പി.ഒ.,
പത്തനംതിട്ട (Dist).



**ചരിത്രമായി മാറിയ ഡോ. ഏഴംകുളം സാംകുട്ടിയുടെ പ്രസംഗം DVD**
വില 100 രൂപ. Ph: 0469-3290355, 9349500155



**Asia's First Fully Online Bible College!**



FLEXIBLE!
AFFORDABLE!!
ACCREDITED!!!

**FAITH REACH INSTITUTE OF THEOLOGY - FRIT**



NATA Membership & IGSM* Authorized
*Fully Online Theology Programs*
*International Graduate School of Ministry, USA

Golden Opportunity for all students of the Bible, anywhere in the world, to enhance their knowledge to the Doctoral, Master's & Graduate level, from the comfort of your home or office ...

1. *Doctor of Ministry (D. Min.) – 3 Years*
2. *Master of Divinity (M. Div.) – 3 Years*
3. *Graduate Diploma in Divinity – 2 Years*
4. *Graduate Certificate in Divinity – 1 Year*

- *Examination free – evaluation based on assignments, book reviews, thesis submission and on-line viva….*
- *Premium Institute with National Association of Theological Accreditation (NATA) membership & fully authorized Doctoral program from International Graduate School of Ministry (IGSM), US*
- *Admissions open for 365 days 24/7.*
- *Internationally acclaimed Professors & guides from renouned universities to assist you….*
- *100% online – from submission of application to evaluations… + down-loadable online modules.*
- *Affordable fees in semester installments with no hidden charges.*
- *Effective local contact support.*

*Log in today to apply online*

www.frit.org.in

*For more details kindly call : Pastor Shaju C. Joseph on 0091 9747709134*



**SOUTHERN ASIA LEADERSHIP INSTITUTE**
**PENIEL CAMPUS, COIMBATORE.**

**Invites** applications from Christian young men who have born again experience and calling for God's ministry for the **FULL TIME** Theological Education.

| Courses offered | Duration | Minimum Qualification | Medium of Instruction |
|---|---|---|---|
| Diploma in Theology | 2 YEARS | 10th Pass | English |
| Bachelor of Theology | 3 YEARS | 12th Pass | English |
| Mission Focused Training | 1YEAR | | English |

**Salient features:**

1. Well qualified faculty with academic and ministryexperience.
2. A spacious Eco-friendly campus of 10 Acres aptfor study environment.
3. Adequate library books for learning.
4. Ministry opportunities for the deservingcandidates.
5. Opportunities to grow in various areas of Christianministry.

**COURSE COMMENCES ON May 2013**

If you are interested please contact immediately to the following address.

The Director,
SOUTHERN ASIA LEADERSHIP INSTITUTE, (PENIEL CAMPUS)
Veerappanoor, Pichanoor (P.O), Coimbatore – 105, Tamilnadu.
E-mail: salipenielcampus@gmail.com. Mob; +918098533224
Tel.0422 2656278, 0422 2656279.

No. 1 Christian Newspaper
HALLELUJAH Fortnightly
Mob: 9349500155, 0469-3290355

Hallelujah
Periyillathu Thoppil Complex
Near YMCA, Tiruvalla - 689 101
Pathanamthitta, Kerala, India.
hallelujahnews@gmail.com

Reg. No. KL/KTM/209/2012-14
Licence No. KL/CR/KTM/WPP-28/2012-14
Licensed to Post without Prepayment
Posted on 1st April 2013 at RMS Kottayam

# സി.ഇ.എമ്മിന് പുതിയ നേതൃത്വം







തിരുവല്ല : ശാരോൻ ഫെലോഷിപ്പ് ചർച്ച് യുവജനസംഘടനയായ ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റിന്റെ ജനറൽ പ്രസിഡന്റായി പാസ്റ്റർ കുര്യൻ മാത്യുവും, ജന.സെക്രട്ടറിയായി പാസ്റ്റർ ഫിലിപ്പ് ഏബ്രഹാമും, ജന.ട്രഷറാറായി പാസ്റ്റർ ജോർജ്ജ് വർഗീസും തെരഞ്ഞെടുക്കപ്പെട്ടു. സഭാകൗൺസിൽ പ്രതിനിധി റവ.എം.ജെ. ജോൺ തെരഞ്ഞെടുപ്പിന് നേതൃത്വം നൽകി.

മറ്റു ഭാരവാഹികൾ: പാസ്റ്റർമാരായ സാം കോശി, ബിജു ജോസഫ് (വൈ.പ്രസിഡന്റുമാർ), സാബു പോൾ (അസോ. സെക്രട്ടറി), എബി ബേബി (ജോ.ട്രഷറാർ), റെജി പി. ശാമുവേൽ (മെമ്പർഷിപ്പ് സെക്രട്ടറി), സോവി മാത്യു (താലന്ത് പരിശോധനാ സെക്രട്ടറി), എബി ജോൺ (മീഡിയ & ലിറ്ററേച്ചർ സെക്രട്ടറി), മാത്യൂസ് എം. കുര്യൻ (ജന.കോ.ഓഡിനേറ്റർ), ഫിലിപ്പ് എസ്, ഫെയ്ത്ത് ചന്ദ്രൻ, സജി. ഇ.വി, ബിബിൻ ബാബു (എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ).

ഏരിയാ കോ-ഓഡിനേറ്റേഴ്സ് പാസ്റ്റർമാരായ തോമസ് ചാക്കോ (ഹൈറേഞ്ച്), രാജീവ് ജി (ഇടുക്കി), ജോമോൻ ജോസഫ് (കണ്ണൂർ), എൽദോ (വയനാട് - കോഴിക്കോട്), സനൽ വർഗീസ് (തൃശ്ശൂർ), വർഗീസ് എം.ജെ. (എറണാകുളം), സുരേഷ്കുമാർ (തിരുവനന്തപുരം), പ്രിൻസ് എൻ.ജെ (മധ്യമേഖല), ജി.ജോസ്, (പുനലൂർ), സാം ജി. കോശി (അടൂർ).

## പുതിയ സാരഥികൾ

ഹൂസ്റ്റൺ: ഹൂസ്റ്റണിലും സമീപ പ്രദേശങ്ങളിലുമുള്ള പതിനാല് സഭകളുടെ ഐക്യ കൂട്ടായ്മയായ ഹൂസ്റ്റൺ പന്തെക്കോസ്തു ഫെലോഷിപ്പിന്റെ പുതിയ സാരഥികളായി പാസ്റ്റർമാരായ ജോൺ തോമസ് (പ്രസിഡന്റ്), റവ.ജോൺ വർഗീസ് (വൈസ് പ്രസിഡന്റ്), ജേക്കബ് ജോർജ് (സെക്രട്ടറി), സി.ജി ദാനിയേൽ (ട്രഷറാർ), കെ.സി ജേക്കബ് (സോങ് കോർഡിനേറ്റർ)എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

## ഓർഡിനേഷനും ബിരുദദാന ശുശ്രൂഷയും



വേങ്ങൂർ: ട്രൂ ലൈറ്റ് ഫോർ ഏഷ്യാ സഭകളുടേയും ബിബ്ലിക്കൽ സെമിനാരിയുടേയും ആഭിമുഖ്യത്തിൽ നടന്ന ശുശ്രൂഷക സമ്മേളനത്തിൽ 11 വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റും അഞ്ച് പേർക്ക് ഓർഡിനേഷനും സഭാ പ്രസിഡന്റ് റവ.ഡോ.ശമുവേൽ കുഞ്ഞുമോൻ നൽകി. സ്നാനശുശ്രൂഷയും വിവധവകൾക്കും സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് സഹായവും വിതരണം ചെയ്തു.

# എബനേസർ ബൈബിൾ കോളജിൽ ബിരുദദാനം



കടുത്തുരുത്തി: എബനേസർ ബൈബിൾ കോളജിന്റെ നാൽപ്പത്തിനാലാം ഗ്രാജുവേഷൻ മാർച്ച് ഒന്നിന് പിൻസിപ്പാൾ കെ.എസ്. ഏബ്രഹാമിന്റെ നേതൃത്വത്തിൽ കോളജ് ഓഡിറ്റോറിയത്തിൽ നടന്നു. 53 വിദ്യാർത്ഥികൾക്ക് പ്രസിഡന്റ്, സാം ചാക്കോ ബിരുദം നൽകി. എബനേസറിൽ നടത്തപ്പെടുന്ന മാസ്റ്റർ ഓഫ് ഡിവിനിറ്റി (ഡിസ്റ്റൻസ്) പ്രോഗ്രാമിനും എ.റ്റി.എ അക്രെഡിറ്റേഷൻ ലഭിച്ചു. നാൽപ്പത്തഞ്ചാം ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ഫോൺ 0482 9238694, 9447400677, 9447401025







PRINTED,PUBLISHED & OWNED BY PLENCY GEORGE AND PRINTED AT MANGALAM PRESS, S.H.MOUNT .P.O.KOTTAYAM, KERALA-686 006 . AND PUBLISHED FROM HALLELUJAH, P.O.BOX.NO.1, PERIYILLATHU THOPPIL COMPLEX, TIRUVALLA,PATHANAMTHITTA DISTRICT,KERALA-689 101. EDITOR: SAMKUTTY M.CHACKO.